# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 41 ലക്കം നവംബർ 2023 വാർഷിക വരിസംഖ്യ ₹ 100



പ്രോസാങ്ടിറ്റി പബ്ലിക്കേഷൻസ്



**വിശുദ്ധിയുടെ മാതൃകയായ
മറിയത്തിന്റെ വിമലഹൃദയമേ
വിശുദ്ധരാകാമെന്ന പ്രത്യാശ
ഞങ്ങൾക്ക് നല്കണമേ**

**"സ്നേഹസ്വരൂപൻതൻ
മാതൃപദം ചൂടി
മറിയം ലോകത്തിൽ.
മാനവരവളിൽ ദൈവവരം
കാണാതവളെ നിന്ദിച്ചു.
എന്നാലവളുടെ തനയനില-
ന്നാനന്ദംപൂണ്ടാദിനരൻ;
അവളെന്നും ധരതന്നഭിമാനം".**

**(മംഗളവാർത്തക്കാലം,
രണ്ടാം ബുധൻ-റംശാ)**

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

വാല്യം 42 | മംഗളവാർത്ത-പിറവി ലക്കം | നവംബർ 2023

*"ഇതാണ് ദൈവഹിതം, നിങ്ങളുടെ വിശുദ്ധീകരണം" (1 തെസ 4,3)*

രക്ഷാധികാരി:
**ആർച്ചുബിഷപ്പ് മാർ ജോസഫ് പെരുന്തോട്ടം**

**എഡിറ്റോറിയൽ ബോർഡ്**

ചീഫ് എഡിറ്റർ:
**മല്പാൻ റവ. ഡോ. മാത്യു വെള്ളാനിക്കൽ**

മാനേജിംഗ് എഡിറ്റർ:
**ഫ്ളവറി ചോതിരക്കുന്നേൽ A.O.**

എക്സിക്യൂട്ടീവ് എഡിറ്റർ:
**ഷിനി തെരേസ് മുതുപ്ലാക്കൽ A.O.**

പത്രാധിപസമിതി:
**റവ. ഫാ. സെബാസ്റ്റ്യൻ മുതുപ്ലാക്കൽ**
**ഡോ. അനു കുരിശുംമൂട്ടിൽ A.O.**
**സ്റ്റെഫി മംഗലത്തുകുന്നേൽ A.O.**
**സിജി കുന്നത്ത് A.O.**

അഡ്വൈസറി ബോർഡ്:
**റവ. ഡോ. സെബാസ്റ്റ്യൻ കൊല്ലംകുന്നേൽ**
**റവ. ഫാ. ജോസഫ് പുത്തൻപറമ്പിൽ**
**വിൽസൺ ജോർജ്ജ് അറയ്ക്കൽ** M.A. Mphil

സർക്കുലേഷൻ മാനേജേഴ്സ്:
**ജെനി കഴുന്നടിയിൽ A.O.**
**മിസ്റ്റർ കുര്യൻ മാത്യു ഇല്ലിക്കൽ**
**മിസ്റ്റർ അബ്രാഹം പുന്നാടംപാക്കൽ**

ഫിനാൻസ് മാനേജർ:
**അനിത ആത്രശ്ശേരിയിൽ A.O.**

കവർ ഡിസൈനിംഗ് & ലേഔട്ട്
**ജെ.എസ്. ഗ്രാഫിക്സ്**

**വാർഷിക വരിസംഖ്യ ₹ 100/-**

പ്രിന്റിംഗ്:
വി.ജി. പ്രിന്റേഴ്സ്, മാങ്ങാനം.
Email: wigipress@gmail.com

**പ്രോസാങ്ടിറ്റി പബ്ളിക്കേഷൻസ്**
**സ്പിരിച്ച്വാലിറ്റി സെന്റർ**
**മാങ്ങാനം പി. ഒ., കോട്ടയം 686 018**
**ഫോൺ: 9497588192, 0481-2578192**
**Email: psmktm@gmail.com**

## ഉള്ളടക്കം

- മംഗളവാർത്തയും ക്രൈസ്തവവിളിയും 5
- ദൈവത്തിന്റെ ചിരി 8
- ഈശോയിൽ ദൈവം നമ്മോടുകൂടെ 10
- ഉണ്ണിമിശിഹാ 13
- പ്രപഞ്ചരഹസ്യം 16
- റഹോബോവാം 19
- മാതാപിതാക്കൾ നേരിടുന്ന വെല്ലുവിളികൾ 22
- വിശ്വസ്ത സ്നേഹിതൻ 26
- ഓൺ ടൈം 28
- അമ്മയോടൊപ്പം 30

# മംഗളവാർത്തകളേകാം...

# മംഗളവാർത്തകളാകാം...

**"പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും"** (ലൂക്കാ 1,35).

മംഗളവാർത്തക്കാലത്തിലൂടെ നാം പുതിയൊരു ആരാധനക്രമ വത്സരത്തിലേക്കു പ്രവേശിച്ചിരിക്കുകയാണല്ലോ. ഈശോയുടെ ജനനത്തെക്കുറിച്ചുള്ള ദൈവദൂതന്റെ അറിയിപ്പ് മനുഷ്യകുലത്തിന് മംഗളകരമായി മാറിയതിനും അവിടുത്തെ തിരുജനനം "സകല ജനത്തിനുംവേണ്ടിയുള്ള വലിയ സന്തോഷത്തിന്റെ സദ്വാർത്ത"യായി (ലൂക്കാ 2,10) തീർന്നതിനും പിന്നിൽ ദൈവഹിതത്തിനു മുമ്പിലുള്ള മറിയത്തിന്റെ സമ്പൂർണ്ണ അടിയറവിന്റെ സ്വരമുണ്ട്: "ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!" (ലൂക്കാ 1,38).

ലോകത്തിനു സന്തോഷമേകാൻ വിണ്ണിൽനിന്നും മണ്ണിലിറങ്ങിയവന്റെ മാതാവായതിന്റെ പേരിൽ പരിശുദ്ധ മറിയം നേരിട്ട സഹനത്തിന്റെ പിന്നാമ്പുറങ്ങൾ നാം തമസ്കരിക്കരുത്. ചില ജീവിതങ്ങളെ ദൈവം ക്രമീകരിച്ചിരിക്കുന്നതിപ്രകാരംതന്നെ... മറ്റുള്ളവർക്കു പലതും മംഗളകരമായിത്തീരാൻ, ആരും അറിയാത്ത സഹനത്തിരകളിൽ വീണുലയേണ്ടി വരുന്ന ചില ജീവിതങ്ങൾ... മറ്റുള്ളവർക്കു നന്മകളേകാൻ ദുരിതപൂർവകമായ വഴികൾ താണ്ടേണ്ടി വന്നാലും ആത്യന്തികമായി നമുക്കു ലഭിക്കുന്നത് ശാശ്വതമായ സന്തോഷമാണ്.

ആയിരിക്കുന്ന ചുറ്റുപാടുകളിൽ മംഗളവാർത്തകളേകാനും നമുക്കു കഴിയണം. നന്മയുടെ വിത്തുകൾ എങ്ങും വിതയ്ക്കുന്ന ജീവിതത്തിനുടമകളായി ഓരോരുത്തരും മാറിയാൽ ഈ ലോകം മുഴുവൻ സ്നേഹം കൊയ്യുന്ന സമൂഹമായി തീരും. മനുഷ്യമക്കളെ ദൈവമക്കളാക്കിത്തീർക്കാൻ വേണ്ടിയാണല്ലോ തിരുക്കുമാരൻ ഭൂമിയിൽ ജാതനായത്. ആ ലക്ഷ്യപ്പൂർത്തീകരണത്തിനായി നമുക്കു പരിശ്രമിക്കാം. തിരുപ്പിറവിയുടെ ആശംസകൾ...

ചീഫ് എഡിറ്റർ



# മംഗളവാർത്തയും ക്രൈസ്തവവിളിയും

റവ. മല്പാൻ മാത്യു വെള്ളാനിക്കൽ

**പ**രിശുദ്ധകന്യകാമറിയം സഭയുടെ അമ്മയും സഭയുടെ മാതൃകയുമാണ്. അതുകൊണ്ട് ദൈവപുത്രനും പരിശുദ്ധനുമായ ഈശോമിശിഹായെ ലോകത്തിനു നല്കുവാൻ അവൾക്ക് മംഗളവാർത്തയിൽ ലഭിച്ച വിളി (ലൂക്കാ 1,26-38) സഭാസമൂഹത്തിന്റെ വിളിയുടെ മാതൃകയാണ്. സഭാസമൂഹത്തിന്റെ വിളിയെപ്പറ്റി വിശുദ്ധ പൗലോസ്ശ്ലീഹാ ഇപ്രകാരം പറയുന്നു: “തന്റെ മുമ്പാകെ സ്നേഹത്തിൽ പരിശുദ്ധരും നിഷ്കളങ്കരും ആയിരിക്കാൻ ലോകസ്ഥാപനത്തിനുമുമ്പുതന്നെ അവിടുന്നു നമ്മെ മിശിഹായിൽ തിരഞ്ഞെടുത്തു. ഈശോമിശിഹാവഴി നാം അവിടുത്തെ പുത്രരായി ദത്തെടുക്കപ്പെടണമെന്ന്, അവിടുന്നു തന്റെ ഹിതവും ലക്ഷ്യവുമനുസരിച്ച് മുൻകൂട്ടി തീരുമാനിച്ചു” (എഫേ 1,4-5). മംഗളവാർത്തയിൽ ദൂതൻ മറിയത്തോടു പറഞ്ഞ വാക്കുകൾ ഇപ്രകാരമായിരുന്നു: “പരിശുദ്ധാത്മാവ് നിന്റെമേൽ വരും; അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും” (ലൂക്കാ 1,35).

## മനുഷ്യകുലത്തിനുമുഴുവനുമുള്ള വിളി

ക്രൈസ്തവവിളി മനുഷ്യകുലത്തിനു മുഴുവനുമുള്ള വിളിയാണ്. പൗലോസ്ശ്ലീഹായുടെ വാക്കുകൾ അത് സൂചിപ്പിക്കുന്നുണ്ട്: “മിശിഹായിൽ വ്യക്തമാക്കിയ തന്റെ അഭീഷ്ടമനുസരിച്ച്

അവിടുന്ന് തന്റെ പദ്ധതിയുടെ രഹസ്യം നമുക്കു മനസ്സിലാക്കിത്തന്നു. ഇത് കാലത്തിന്റെ പൂർണ്ണതയിൽ സ്വർഗത്തിലും ഭൂമിയിലുമുള്ള എല്ലാറ്റിനെയും മിശിഹായിൽ ഒന്നിപ്പിക്കുന്നതിനുവേണ്ടിയത്രേ” (എഫേ 1,9-10). എല്ലാ മനുഷ്യരും ആത്യന്തികമായി ദൈവപുത്രരും പരിശുദ്ധരുമായിത്തീരണമെന്നുള്ളതാണ് ദൈവപിതാവിന്റെ പദ്ധതി. ദൈവം പിതാവാണെന്നുള്ള വസ്തുത ആരംഭത്തിൽത്തന്നെ പൗലോസ്ശ്ലീഹാ വ്യക്തമാക്കുന്നുണ്ട്: “സ്വർഗീയമായ എല്ലാ ആത്മീയ വരങ്ങളാലും മിശിഹായിൽ നമ്മെ അനുഗ്രഹിച്ചവനും കർത്താവായ ഈശോമിശിഹായുടെ പിതാവുമായ ദൈവം സ്തുതിക്കപ്പെട്ടവനാകട്ടെ” (എഫേ 1,3). പിതാവായ ദൈവം നമ്മെ ലോകസ്ഥാപനത്തിനു മുമ്പുതന്നെ പുത്രരും വിശുദ്ധരുമായി തിരഞ്ഞെടുത്തത്, മനുഷ്യകുലം മുഴുവനും ഈ വിശുദ്ധിയും ദൈവപുത്രത്വവും സ്വന്തമാക്കണമെന്ന ലക്ഷ്യത്തോടുകൂടിയാണ്. അതായത്, സഭ മനുഷ്യകുലത്തിന്റെ കൂദാശയാണ്. മനുഷ്യകുലത്തെ മുഴുവൻ വിശുദ്ധീകരിക്കാനും ദൈവമക്കളായി രൂപപ്പെടുത്താനും സഭാംഗങ്ങൾ വിളിക്കപ്പെട്ടിരിക്കുന്നു. ‘ജനതകളുടെ പ്രകാശം’ എന്ന് തിരുസഭയുടെ പ്രമാണരേഖയ്ക്ക് രണ്ടാം വത്തിക്കാൻ കൗൺസിൽ പേരു നല്കിയത് ഇതിന്റെ സൂചനയാണ്.

## ദൈവകൃപയുടെ പ്രവർത്തനം

‘ദൈവകൃപ നിറഞ്ഞവളേ, സ്വസ്തി’ എന്നാണ് ദൈവദൂതൻ മറിയത്തെ സംബോധന ചെയ്തത്. ‘സ്വസ്തി’ എന്ന വാക്കിന്റെ അർത്ഥം മൂലഭാഷയിൽ ‘സന്തോഷിക്കൂ’ എന്നാണ്. മനുഷ്യകുലം മുഴുവൻ പ്രതീക്ഷിച്ചുകൊണ്ടിരുന്ന രക്ഷ സമീപസ്ഥമായിരിക്കുന്നതിനാൽ ‘സന്തോഷിക്കൂ’ എന്നാണ് ‘സ്വസ്തി’ എന്ന് ദൂതൻ മറിയത്തോടു പറഞ്ഞ വാക്കിന്റെ അർത്ഥം. മറിയം ആ രക്ഷ സ്വന്തമാക്കിയവളായതുകൊണ്ടാണ് ‘ദൈവകൃപ നിറഞ്ഞവൾ’ എന്നു മറിയം സംബോധന ചെയ്യപ്പെട്ടത്. ഈ ദൈവകൃപ തന്നെയാണ് സഭാംഗങ്ങളിലും അവരിലൂടെ രക്ഷ സ്വന്തമാക്കേണ്ട മനുഷ്യകുലം മുഴുവനിലും പ്രവർത്തിക്കേണ്ടത്. ഇതേപ്പറ്റി പൗലോസ്ശ്ലീഹാ വീണ്ടും പറയുന്നു: “രക്ഷയുടെ സദ്വാർത്തയായ സത്യത്തിന്റെ വചനം ശ്രവിക്കുകയും അവനിൽ വിശ്വസിക്കുകയും ചെയ്ത നിങ്ങളും വാഗ്ദാനം ചെയ്യപ്പെട്ട പരിശുദ്ധാത്മാവിനാൽ അവനിൽ മുദ്രിതരായിരിക്കുന്നു. അവിടുത്തെ മഹത്ത്വം പ്രകീർത്തിക്കുന്നതിനുള്ള അവകാശം നാം വീണ്ടെടുത്തു സ്വന്തമാക്കുന്നതുവരെ ആ അവകാശത്തിന്റെ അച്ചാരമാണ് പരിശുദ്ധാത്മാവ്” (എഫേ 1,13-14). അതുകൊണ്ട് നാം പരിശുദ്ധാത്മാവിനോടുള്ള തുറവിയിൽ പ്രാർത്ഥനാജീവിതം നയിക്കണം.

### പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രത്യുത്തരം

“ഇതാ, കർത്താവിന്റെ ദാസി! നിന്റെ വാക്കുപോലെ എന്നിൽ ഭവിക്കട്ടെ” എന്നു പറഞ്ഞുകൊണ്ട് പരിശുദ്ധ കന്യകാമറിയം ഗബ്രിയേൽ ദൂതന്റെ വാക്കുകൾക്കു പ്രത്യുത്തരം നല്കി. കർത്താവിന്റെ അഥവാ ദൈവത്തിന്റെ ദാസി, അവിടുത്തെ ഹിതം നിറവേറ്റുന്നതിൽ സന്തോഷിക്കുകയും, തന്റെ ദൗത്യനിർവഹണത്തിനുവേണ്ടിയുള്ള സഹനത്തിലൂടെ മഹത്ത്വീകരിക്ക

> *“ചെറുതാകാൻ കഴിയത്തക്കവിധം അത്ര വലിയവനാണ് ദൈവം. തന്നെത്തന്നെ ദുർബലനാക്കാനും നമുക്ക് അവിടുത്തെ സ്നേഹിക്കാൻ സാധിക്കുന്നതിനുംവേണ്ടി സംരക്ഷണമാർഗമില്ലാത്ത ശിശുവായി നമ്മിലേക്ക് വരാനും കഴിയത്തക്കവിധം ദൈവം അത്രമാത്രം ശക്തനാണ്”.*
>
> (ബെനഡിക്റ്റ് പതിനാറാമൻ മാർപാപ്പ)

പ്പെടുകയും ചെയ്യേണ്ടവളാണെന്ന്, 'കർത്താവിന്റെ ദാസനെ'ക്കുറിച്ചുള്ള വിശുദ്ധഗ്രന്ഥപാഠം ആസ്പദമാക്കി മറിയത്തിനറിയാമായിരുന്നു. വിശുദ്ധഗ്രന്ഥത്തിലെ 'കർത്തൃദാസ' ചിത്രത്തിന്റെ മുമ്പിൽനിന്ന്, അതിന്റെകൂടി ശക്തിയിൽ അവൾ ദൈവവചനത്തിന് അനുകൂല പ്രത്യുത്തരം നല്കി. അതുവഴി അവൾ ഈശോയുടെ അമ്മയും സഹോദരിയും ശിഷ്യയുമായി: "ഈശോ പറഞ്ഞു: ദൈവവചനം ശ്രവിക്കുകയും അതനുസരിച്ച് പ്രവർത്തിക്കുകയും ചെയ്യുന്നവരാണ് എന്റെ അമ്മയും സഹോദരരും" (ലൂക്കാ 8,21). ഇപ്രകാരം ദൈവഹിതം നിറവേറ്റിയ പരിശുദ്ധ കന്യകാമറിയമാണ് പരിശുദ്ധനും ദൈവപുത്രനുമായ മിശിഹായ്ക്കു ജന്മം നല്കിയത്.

## പ്രാർത്ഥനാജീവിതവും വചനസ്വീകരണവും

പരിശുദ്ധ കന്യകാമറിയത്തിന്റെ പ്രാർത്ഥനാജീവിതമാണ് ദൈവപുത്രനും പരിശുദ്ധനുമായ ഈശോമിശിഹായ്ക്കു ജന്മം നൽകുവാൻ അവളെ പ്രാപ്തയാക്കിയത്. ദൈവപുത്രരും പരിശുദ്ധരുമാകുവാൻ വിളിക്കപ്പെട്ടിരിക്കുന്ന എല്ലാ ക്രൈസ്തവരും പരിശുദ്ധ കന്യകാമറിയത്തെപ്പോലെ പ്രാർത്ഥനാജീവിതം നയിക്കുവാനും വചനസ്വീകരണം നടത്തുവാനും വിളിക്കപ്പെട്ടവരാണ്. പ്രാർത്ഥന ദൈവവുമായുള്ള സ്നേഹസംഭാഷണമാണ്. അതുകൊണ്ടു കേൾവിയും പ്രത്യുത്തരവും പ്രാർത്ഥനയുടെ അടിസ്ഥാനപരമായ സ്വഭാവമാണ്. വിശുദ്ധ പൗലോസ്ശ്ലീഹായുടെ വാക്കുകൾ ഇവിടെ പ്രസക്തമാണ്: "ദൈവാരൂപിയാൽ നയിക്കപ്പെടുന്നവരെല്ലാം ദൈവത്തിന്റെ പുത്രന്മാരാണ്. നിങ്ങളെ വീണ്ടും ഭയത്തിലേക്കു നയിക്കുന്ന അടിമത്തത്തിന്റെ ആത്മാവിനെയല്ല, മറിച്ച്, പുത്രസ്വീകാരത്തിന്റെ ആത്മാവിനെയാണ് നിങ്ങൾ കൈകൊണ്ടിരിക്കുന്നത്. ഈ ആത്മാവുമൂലമാണ് നാം ആബാ-പിതാവേ എന്നു വിളിക്കുന്നത്. നാം ദൈവത്തിന്റെ മക്കളാണെന്ന് ഈ ആത്മാവ് നമ്മുടെ ആത്മാവിനോടു ചേർന്നു സാക്ഷ്യം വഹിക്കുന്നു" (റോമാ 8,14-16). അതുകൊണ്ടു പ്രാർത്ഥനാജീവിതത്തിലൂടെയും വചനസ്വീകരണത്തിലൂടെയും ദൈവപുത്രരായും വിശുദ്ധരായും ജീവിക്കുവാൻ എല്ലാ ക്രൈസ്തവർക്കും കഴിയണം. അപ്രകാരം സഭ മനുഷ്യകുലത്തെ മുഴുവനും പരിശുദ്ധരും ദൈവമക്കളുമായി രൂപാന്തരപ്പെടുത്തുന്ന സമൂഹമായിത്തീരുകയും ചെയ്യും.




## നിന്നെയും വിളിക്കുന്നു.....

- നിന്റെ സ്നേഹം ആവശ്യമുള്ള ഒരു ലോകത്തിലേക്ക്....
- വിശുദ്ധിയിലേക്ക് നമ്മെ വിളിച്ചിരിക്കുന്ന ദൈവപിതാവിന്റെ വ്യവസ്ഥയില്ലാത്ത സ്നേഹം വചനാനുഭവത്തിലൂടെ പങ്കുവയ്ക്കുവാൻ....
- കർമ്മമാർഗ്ഗത്തിലൂടെ ഈശ്വരാനുഭവത്തിലേക്ക് മനുഷ്യമക്കളെ കൂട്ടിക്കൊണ്ടുവരാൻ....

**ഇതാ നിന്റെ മുമ്പിൽ വെല്ലുവിളിയുടെ ഒരു ജീവിതം....**

**Vocation Promoter, Apostolic Oblates, Spirituality Centre**
**Manganam P.O., , Kottayam - 686 018, Ph: 9400573640**



# ദൈവത്തിന്റെ ചിരി

ആൻസി കടുപ്പിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഡി**സംബർ 28, ഈശോയോടുള്ള വിരോധത്താൽ ബേത്‌ലഹേമിൽ വച്ച് വധിക്കപ്പെട്ട നിഷ്കളങ്കരായ ശിശുക്കളെ ഓർമിക്കുന്ന ദിനം. യഹൂദർ എന്ന കാരണത്താൽ കൊടും ക്രൂരതയ്ക്ക് ഇരകളായ ഭൂമിയിലെ മാലാഖമാരായിരുന്നു ആ കുഞ്ഞിപ്പൈതങ്ങൾ. അവരുടെ മുഖവും ചിരിയും ആകട്ടെ ദൈവത്തിന്റേതും.

നാം എത്രത്തോളം വികാരവിക്ഷോഭത്തിനടിപ്പെട്ട് നിൽക്കുന്ന അവസ്ഥയിലാണെങ്കിലും ഒരു പിഞ്ചു കുഞ്ഞ് അതിന്റെ കൊച്ചരിപ്പല്ലുകൾ കാട്ടി നമ്മെ നോക്കി ഒന്നു പുഞ്ചിരി തൂകിയാൽ നമ്മുടെ ദേഷ്യവും ദുഃഖവും നിരാശയുമെല്ലാം നീരാവിപോലെ അപ്രത്യക്ഷമാകുന്നത് ശ്രദ്ധിക്കാറില്ലേ?

ജീവൻ ദൈവാംശമാണ്. ഓരോ കുഞ്ഞിന്റെ ജനനവും ദൈവം ഭൂമിയെ സന്ദർശിക്കുന്ന അവസരമാണ്. ക്രൈസ്തവ വീക്ഷണമനുസരിച്ച് മനുഷ്യജീവൻ കേവലം യാദൃശ്ചികമായ ഭൗതികഘടനകളുടെ സമുന്നയത്തിന്റെ ഫലമായി ഉരുത്തിരിയുന്ന ഒരു പ്രതിഭാസമല്ല, മറിച്ച് അവൻ ദൈവസൃഷ്ടിയാണ്. അവന്റെ അസ്തിത്വം ദൈവത്തിൽനിന്നാണ്: “അവിടുന്നാണ് എന്റെ അന്തരംഗത്തിനു രൂപം നൽകിയത്, എന്റെ അമ്മയുടെ ഉദരത്തിൽ അവിടുന്ന് എന്നെ മെനഞ്ഞു. എന്തെന്നാൽ അങ്ങ് എന്നെ വിസ്മയനീയനായി സൃഷ്ടിച്ചു. അവിടുത്തെ സൃഷ്ടികൾ അത്ഭുത കരമാണ്” (സങ്കീ 139,13-14). ദൈവദാനമായ ജീവനെ സംരക്ഷിക്കുകയും ബഹുമാനിക്കുകയും ചെയ്യുക എന്നത് നമ്മുടെ ഓരോരുത്തരുടെയും കടമയാണ്. “പുതുജീവനെ സ്വീകരിക്കാനും പരിപോഷിപ്പിക്കുവാനുമുള്ള ഇടമാണ് കുടുംബം” (ജീവന്റെ സുവിശേഷം).

താൽക്കാലിക സുഖത്തിനും കാര്യലാഭത്തിനുംവേണ്ടി സ്വന്തം കുഞ്ഞിനെ നശിപ്പിക്കുവാൻ യാതൊരു സങ്കോചവുമില്ലാത്ത ദമ്പതിമാരുടെ സംഖ്യ ഏറി വരുമ്പോൾ ഇതാ ഇവിടെ സ്നേഹത്തിന്റെ മഴവില്ലായ ഒരമ്മ. കുഞ്ഞിനുവേണ്ടി ജീവരക്തം ഊറ്റിക്കൊടുക്കുന്ന അമ്മ, അമ്മയിൽ നിന്നും ജീവശ്വാസം ഏറ്റുവാങ്ങുന്ന കുഞ്ഞ്.... 2018 ആഗസ്റ്റ് 19-ാം തീയതി സൺഡേ സ്പെഷ്യലിൽ മലയാള മനോരമ ദിനപത്രം പ്രസിദ്ധീകരിച്ച ഒരമ്മയുടെയും കുഞ്ഞിന്റെയും ചിത്രം മനസ്സിനെ വല്ലാതെ കോരിത്തരിപ്പിച്ചു. മരണത്തിന്റെ പടിവാതിലിനപ്പുറംപോയി തിരികെ വന്ന അപൂർവതയുടെ സൗന്ദര്യമായ അമ്മ ബെറ്റിനയും കുഞ്ഞ് എൽവിനും. വീഴ്ചയിൽ തലച്ചോറിനു സംഭവിച്ച ക്ഷതംമൂലം അബോധാവസ്ഥയിലായിത്തീർന്ന പൂർണ ഗർഭിണിയായ ബെറ്റിനയും, ഒരിക്കലും തിരികെ കിട്ടില്ലെന്ന് കരുതിയ കുഞ്ഞും ജീവിതത്തിലേക്ക് തിരിച്ചു വരുമ്പോൾ ഇരുവരുടെയും പുഞ്ചിരികൾ ദീപ്തമാവുകയാണ്....

പൊക്കിൾക്കൊടിയുടെ ജീവപാളികളിലൂടെ ഒരു കുഞ്ഞു ശബ്ദം ദുർബലമായി പറഞ്ഞു, ‘അമ്മേ പോകരുതേ’.... ബോധത്തിനും അബോധത്തിനുമിടയിൽ, ഇരുളിനും വെളിച്ചത്തിനുമിടയിൽ മസ്തിഷ്കത്തിന്റെ മാതൃകോശങ്ങളിലൊന്ന് ആ വിളി കേട്ടു, ഗർഭപാത്രത്തിന്റെ ഉൾച്ചൂടിൽ അതിനപ്പുറമോ ഇപ്പുറമോ എന്നറിയാതെ നിന്ന പിഞ്ചുശരീരത്തോട് മാതൃകോശങ്ങൾ നിലവിളിച്ചു ‘കുഞ്ഞേ പോവരുതേ’.... രണ്ടുമാസം മാത്രം പ്രായമുള്ള കുഞ്ഞ് എൽവിൻ അവന്റെ അമ്മയെ പുനർജന്മത്തിലേക്ക് കൂട്ടിക്കൊണ്ടു വരികയാണ്. അവന്റെ പാൽപുഞ്ചിരിയാണ് ബെറ്റിനയ്ക്ക് മരുന്ന്. ദൈവത്തിനൊന്നും അസാധ്യമായിട്ടില്ലല്ലോ.

ജീവൻ ഉണ്ടാകുവാനും അത് സമൃദ്ധമായി ഉണ്ടാകുവാനുമായി ഈ ലോകത്തിലേക്ക് കടന്നുവന്ന ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള ‘എമ്മാനുവേലിന്റെ’ തിരുപ്പിറവിയുടെ അനുസ്മരണത്തിനായി നാം ഒരുങ്ങുമ്പോൾ ദൈവദാനമായ ജീവന്റെ സംരക്ഷകരാകാനുള്ള നമ്മുടെ ഉത്തരവാദിത്വത്തിന് ഊന്നൽ കൊടുക്കാം. രാഷ്ട്രപിതാവായ മഹാത്മാഗാന്ധിയുടെ വാക്കുകൾ നമ്മുടെ മനോമുകരങ്ങളിൽ പ്രകമ്പനം കൊള്ളണം: “ഒരു മനുഷ്യനും ദൈവം സൃഷ്ടിച്ച ജീവന്റെ മേൽ കൈവെക്കാൻ അവകാശമില്ല”.

നിർഭാഗ്യവശാൽ എത്രയോ മനുഷ്യജീവനുകൾ അമ്മയുടെ ഗർഭപാത്രത്തിൽ വച്ചുതന്നെ വധിക്കപ്പെടുന്നു? എത്രയോ നിഷ്കളങ്കരായ കുഞ്ഞുങ്ങൾക്കാണ് ഈ ലോകത്തിൽ ജീവിക്കാനുള്ള അവരുടെ അവകാശം നിഷേധിക്കപ്പെടുന്നത്?

ഭൂമിയിലെ മാലാഖമാരായ കുഞ്ഞുങ്ങളുടെ ഇന്നത്തെ അവസ്ഥ എത്രയോ പരിതാപകരം.

ലൈംഗികമായി ദുരുപയോഗിക്കപ്പെടുന്ന കുഞ്ഞുങ്ങൾ....

നവമാധ്യമങ്ങളുടെ അടിമത്തത്തിൽ അകപ്പെടുന്ന കുഞ്ഞുങ്ങൾ...

മാതാപിതാക്കളാൽ ഉപേക്ഷിക്കപ്പെടുന്ന കുഞ്ഞുങ്ങൾ....

കൊടുംക്രൂരതകൾക്ക് ഇരയാകുന്ന കുഞ്ഞുങ്ങൾ....

ഇപ്രകാരം ദിനംപ്രതി കാണുകയും കേൾക്കുകയും ചെയ്യുന്ന ദുരന്തവാർത്തകളിലെല്ലാം കുഞ്ഞുങ്ങൾ നിറയുമ്പോൾ നമുക്ക് വ്യക്തിപരമായി ഒരു തീരുമാനമെടുക്കാൻ സാധിക്കണം, ജീവനുവേണ്ടി നിലകൊള്ളുന്ന പ്രോ ലൈഫ് പോലുള്ള പ്രസ്ഥാനങ്ങളോടു ചേർന്ന് ഞാനും ഇന്നുമുതൽ പ്രവർത്തിക്കും.... ഇപ്രകാരം മനുഷ്യജീവനെ സ്നേഹിക്കുന്ന, ആദരിക്കുന്ന ഒരു തലമുറ ഇവിടെ ഉണരട്ടെ, ഒരു തലമുറ ഇവിടെ ഉയരട്ടെ!



# ഈശോയിൽ ദൈവം നമ്മോടുകൂടെ

**റവ. ഡോ. രഞ്ജിത് ചക്കുംമൂട്ടിൽ**
**താമരശ്ശേരി രൂപത**

**ഈ**ശോയുടെ ജനനം പ്രവചനങ്ങളുടെ പൂർത്തീകരണമായിട്ടാണ് സുവിശേഷം അവതരിപ്പിക്കുന്നത്. “കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും; ദൈവം നമ്മോടുകൂടെ എന്നർത്ഥമുള്ള എമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും” (മത്താ 1,22-23; ഏശയ്യാ 7,14) എന്നാണ് മത്തായിശ്ലീഹാ ഈശോയുടെ ജനനത്തെപ്പറ്റി പറയുന്നത്. ദൈവം നമ്മോടുകൂടെ ആയിരിക്കുക എന്നത് ദൈവാനുഭവത്തിന്റെ ഏറ്റവും ഉദാത്തമായ ഭാവങ്ങളിലൊന്നാണ്. ഇസ്രായേൽ മക്കളുടെ നിലവിളി കേട്ട് അവരെ മർദ്ദകരിൽനിന്നു രക്ഷിക്കാൻ തയ്യാറായ ദൈവം അതിനായി മോശയെ നിയോഗിച്ചു. എന്നാൽ മോശ അതിനു തടസം പറയുകയാണ് ചെയ്തത്. “അവർ എന്നെ വിശ്വസിക്കുകയില്ല. എന്റെ വാക്കു കേൾക്കുകയുമില്ല” എന്നൊക്കെപ്പറഞ്ഞ് ഒഴിഞ്ഞുമാറാൻ ശ്രമിച്ച മോശയോട് ദൈവം പറഞ്ഞത് “ഞാൻ നിന്നോടുകൂടെ ഉണ്ടായിരിക്കും” എന്നാണ് (പുറ 3,12). സിറിയായും ഇസ്രായേലും യൂദാരാജ്യത്തെ കീഴടക്കുകയില്ല എന്നതിന് ആഹാബ് രാജാവിന് ദൈവം കൊടുക്കുന്ന അടയാളമാണ് “കന്യക ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും, അവൻ ഇമ്മാനുവേൽ എന്ന് വിളിക്കപ്പെടും” എന്ന പ്രവചനം. കർത്താവാണ് തന്റെ ജനത്തോടൊപ്പം നിന്ന് ശത്രുകരങ്ങളിൽനിന്ന് അതിനെ രക്ഷിക്കാൻ പോകുന്നത് എന്നാണ് പ്രവചിക്കപ്പെട്ട കുഞ്ഞിന്റെ പേരു സൂചിപ്പിക്കുന്നത്. അതായത് കർത്താവ് തന്റെ ജന

ത്തിന്റെ സഹായത്തിനായി എപ്പോഴും കൂടെയുണ്ട് എന്നതിന്റെ അടയാളം. താൻ ബാലനാണെന്ന് പറഞ്ഞ് കർത്താവ് തന്നെ ഏൽപിച്ച ദൗത്യത്തിൽനിന്ന് പിന്മാറാൻ ശ്രമിച്ച ജെറമിയായോട് അവിടുന്ന് പറയുന്നത് ശ്രദ്ധിക്കുക: "നീ ഭയപ്പെടേണ്ട നിന്റെ രക്ഷയ്ക്ക് നിന്നോടുകൂടെ ഞാനുണ്ട്" (ജെറ 1,2). ഗബ്രിയേൽ ദൈവദൂതൻ നസ്രത്തിലെ മറിയം എന്ന കന്യകയ്ക്ക് പ്രത്യക്ഷപ്പെട്ടിട്ട് അവളോടു പറയുന്നത് "ദൈവകൃപ നിറഞ്ഞവളേ സ്വസ്തി; കർത്താവ് നിന്നോടുകൂടെ" എന്നാണ് (ലൂക്കാ 1,23).

ദൈവകൃപയുടെ പാരമ്യം എന്നത് ദൈവം സജീവനായി നമ്മോടൊത്തു വസിക്കുന്ന അനുഭവം തന്നെയാണ്. മോശയ്ക്കും ജെറമിയായ്ക്കും പരിശുദ്ധ കന്യാമറിയത്തിനും തങ്ങളുടെ ജീവിതത്തിലുണ്ടായ ഈ അനുഭവം തന്നെയാണ് ദൈവം ഏൽപിച്ച ദൗത്യത്തെ വിശ്വസ്തതയോടെ നിറവേറ്റുന്നതിന് അവർക്ക് കരുത്തേകിയത് എന്നതിന് വിശുദ്ധഗ്രന്ഥംതന്നെയാണ് സാക്ഷ്യം.

പൂർവ്വപിതാക്കന്മാരിലൂടെയും പ്രവാചകന്മാരിലൂടെയും "ദൈവം നമ്മോടുകൂടെ" എന്ന അനുഭവം നൽകിയ ദൈവം, സജീവനായ ഒരു വ്യക്തിയായി, മനുഷ്യനായിത്തന്നെ ലോകം മുഴുവനുവേണ്ടിയും ഈ അനുഭവം നൽകിയതാണ് മനുഷ്യാവതാരം അഥവാ ഈശോയുടെ ജനനം.

പിതാക്കന്മാർക്കും പ്രവാചകന്മാർക്കും ദൈവം നമ്മോടുകൂടെ എന്നത് അനുഭവത്തിന്റെ തലം മാത്രമായിരുന്നുവെങ്കിൽ ഈശോയുടെ ജനനത്തോടെ ഈ 'നമ്മോടുകൂടെ' അനുഭവത്തിന് മൂർത്തമായ ഒരു രൂപം കൈവന്നിരിക്കുന്നു. നമുക്കു കാണാവുന്ന, കേൾക്കാവുന്ന, തൊടാവുന്ന ഒരു രൂപത്തിലേക്ക് ദൈവം നമ്മോടുകൂടെ ആയിരിക്കുന്നു.

അതുകൊണ്ടാണ് വി. യോഹന്നാൻശ്ലീഹാ ഇങ്ങനെ എഴുതിയത്: "ആദിമുതൽ ഉണ്ടായിരുന്നതും ഞങ്ങൾ കേട്ടതും കണ്ണുകൊണ്ടു കണ്ടതും സൂക്ഷിച്ചു വീക്ഷിച്ചതും കൈകൊണ്ട് സ്പർശിച്ചതുമായ ജീവന്റെ വചനം" (1 യോഹ 1,1). എമ്മാനുവേൽ എന്നത് ഈശോയെ സംബന്ധിച്ചിടത്തോളം വെറും ആലങ്കാരികമായ ഒരു പേരായിരുന്നില്ല; മറിച്ച് അർത്ഥവത്തായ ഒരു യാഥാർത്ഥ്യമായിരുന്നു അത്.

ജനനത്തിലും ജീവിതത്തിലും മരണത്തിലും മാത്രമല്ല അതിനപ്പുറവും ഈശോയിൽ ദൈവം നമ്മോടൊപ്പമുണ്ട്. യുഗാന്തംവരെ ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും എന്നാണ് (മത്താ 28,20) ഉത്ഥാനാനന്തരം ഈശോ അരുളിച്ചെയ്തത്.

കർത്താവ് കൂടെയുള്ളതായി ആദിമസഭയ്ക്ക് അനുഭവപ്പെട്ടിരുന്നു. രക്ഷ പ്രാപിക്കുന്നവരെ കർത്താവ് അവരുടെ ഗണത്തിൽ പ്രതിദിനം ചേർത്തുകൊണ്ടിരുന്നു (അപ്പ. പ്രവ 2,47) എന്നാണ് അദിമസഭയുടെ വളർച്ചയെപ്പറ്റി വചനം സാക്ഷിക്കുന്നത്. കർത്താവിന്റെ വചനം അതായത് ഈശോ തങ്ങളോടൊപ്പം ഉണ്ടായിരുന്നതുകൊണ്ടാണ് ശ്ലീഹന്മാർ വചനം ധൈര്യപൂർവ്വം പ്രസംഗിച്ചത് (അപ്പ. പ്രവ 11,21). ഇതേ അനുഭവം തന്നെയാണ് വചനം പ്രഘോഷിക്കുവാൻ പൗലോസ്ശ്ലീഹായ്ക്ക് കരുത്തു നൽകിയതും (അപ്പ. പ്രവ 18,10).

**വിശുദ്ധ കുർബാന എന്ന സാന്നിദ്ധ്യം**

തന്റെ മരണത്തിനും ഉത്ഥാനത്തിനും ശേഷം, 'ലോകാവസാനത്തോളം ഞാൻ നിങ്ങളോടുകൂടെ ഉണ്ടായിരിക്കും' എന്ന തന്റെ വാഗ്ദാനം ഈശോ നിറവേറ്റിയത് വിശുദ്ധ കുർബാനയി

ലൂടെയാണ്. അന്ത്യഅത്താഴസമയത്ത് തന്റെ ജീവന്റെ കൗദാശിക അടയാളമായി ഈശോ വിശുദ്ധ കുർബാന സ്ഥാപിച്ചു. തന്റെ ശരീരവും രക്തവും കൗദാശികമായി അപ്പത്തിന്റെയും വീഞ്ഞിന്റെയും സാദൃശ്യത്തിൽ നൽകിക്കൊണ്ട് തന്റെ സജീവസാന്നിധ്യം ലോകാവസാനത്തോളം മനുഷ്യരാശിയോടൊപ്പം ഉറപ്പിക്കുകയാണ് ഈശോ ചെയ്തത്. വിശുദ്ധ കുർബാനയിലുള്ള ഈശോയുടെ സാന്നിധ്യം അനന്യമാണ്, പൂർണ്ണമാണ്, സത്യമാണ്, യഥാർത്ഥമാണ്, അത് സത്താപരവുമാണ്. വിശുദ്ധ ജോൺ ക്രിസോസ്തോം പറയുന്നു: "മനുഷ്യനല്ല അപ്പത്തിനെയും വീഞ്ഞിനെയും ഈശോയുടെ മാംസരക്തങ്ങളാക്കിമാറ്റുന്നത്. അതു ചെയ്യുന്നത് നമുക്കുവേണ്ടി ക്രൂശിക്കപ്പെട്ട ഈശോതന്നെയാണ്". കൂദാശചെയ്യപ്പെട്ട അപ്പവും വീഞ്ഞും നിലനിൽക്കുന്നിടത്തോളംകാലം അവയിൽ ഈശോയുടെ സജീവസാന്നിധ്യമുണ്ട്. ഇരു സാദൃശ്യങ്ങളിലും, ഏക സാദൃശ്യത്തിലും അവയുടെ ഓരോ കണികയിൽപോലും ഈശോയുടെ പൂർണ്ണവും അവികലവുമായ സാന്നിധ്യമുണ്ട് എന്നാണ് സഭയുടെ പ്രബോധനം.

**നാം ദൈവത്തോടുകൂടെയോ?**

നമ്മോടൊത്ത് വസിക്കാൻ ആഗ്രഹിക്കുന്ന ദൈവത്തോടു കൂടെയാണോ നമ്മൾ എന്ന ചോദ്യത്തിന് ഇവിടെ പ്രസക്തിയുണ്ട്. ദൈവസാന്നിധ്യസ്മരണയില്ലാതെ ജീവിക്കുമ്പോൾ, വഴിതെറ്റിയ കുഞ്ഞാടിനെപ്പോലെ ദൈവത്തിൽനിന്ന് അകന്നുജീവിക്കുമ്പോൾ, വിശുദ്ധ കുർബാനയിൽനിന്ന് അകലം പാലിക്കുമ്പോൾ ഒക്കെ ദൈവസാന്നിധ്യം നാം നഷ്ടപ്പെടുത്തുകയാണ് ചെയ്യുന്നത്.




ഒരു കൂട്ടം ആളുകൾ ഒരു റസ്റ്റോറന്റിൽ ആഘോഷം നടത്തുന്നതുകണ്ട് അങ്ങോട്ടു കടന്നുചെന്ന ഒരു പരിചയക്കാരൻ ചോദിച്ചു; നിങ്ങൾ എന്ത് ആഘോഷമാണ് നടത്തുന്നത്? അതിലൊരാൾ കൂട്ടത്തിലുണ്ടായിരുന്ന ദമ്പതികളെ ചൂണ്ടിപ്പറഞ്ഞു. ഞങ്ങൾ ഇവരുടെ കുഞ്ഞിന്റെ ഒന്നാം പിറന്നാൾ ആഘോഷിക്കുകയാണ്. ആശ്ചര്യത്തോടെ അയാൾ ചോദിച്ചു 'എന്നിട്ട് കുഞ്ഞെവിടെ?' അവർ ഉത്തരം പറഞ്ഞു: "കുഞ്ഞിനെ കൊണ്ടുവന്നാൽ ശരിക്ക് അഘോഷിക്കാൻ പറ്റുകയില്ല; അതിനാൽ കുഞ്ഞിനെ വീട്ടിലാക്കി ഞങ്ങൾ മാത്രം വന്നു".

ക്രിസ്മസ്സ് ആഘോഷങ്ങളിലേക്ക് കടക്കുമ്പോൾ നാം ചിന്തിക്കേണ്ടതുണ്ട്, എന്റെ ആഘോഷങ്ങളിൽ ഈശോയുടെ സാന്നിധ്യം ഞാൻ ഉറപ്പാക്കുന്നുണ്ടോ; ആഘോഷങ്ങളിൽ മാത്രമല്ല, എന്റെ ജീവിതത്തിന്റെ ഓരോ നിമിഷത്തിലും.



# ഉണ്ണിമിശിഹാ



സുഗന്ധം നിറഞ്ഞിടും സൂനങ്ങൾ വിരിഞ്ഞിടും
മഞ്ഞുകണങ്ങൾ പെയ്യും സുന്ദരമാകും രാവിൽ
മാനവകുലമതിൻ പ്രത്യാശതാരകമായ്
ജാതനായ് ദൈവത്തിന്റെ പൊന്നോമൽ പുത്രനന്ന്

പാപമാം അന്ധകാരം നീക്കുവാൻ പ്രകാശമായ്
പാരിതിൽ മർത്ത്യരെല്ലാം കാംക്ഷിച്ച വെളിച്ചമായ്
കൂരിരുൾ നിറഞ്ഞൊരാ മരണതാഴ്‌വരയിൽ
മേവിടും മർത്ത്യർക്കായ് ഉദയം ചെയ്താ നാഥൻ

മണ്ണിനെ വിണ്ണോളമങ്ങുയർത്താൻ വിണ്ണിൻനാഥൻ
മണ്ണോളം താണിറങ്ങി മന്നിന്റെ ദീപ്തിയായ്
സ്വർഗപിതാവിന്നോമൽ പുത്രനാം ഏകജാതൻ
സ്വർഗ്ഗീയസൗന്ദര്യമായ് നിത്യമാം പ്രഭതൂകി

ലോകത്തിനധിനാഥൻ ലോകത്തിൽ വരവാകാൻ
കാലിത്തൊഴുത്തു തേടി ദാസരിൽ ദാസനായ്
ഹൃത്തിൻ സമാധാനമായ് വചനവിളക്കായ്
വന്നു നീ ദൈവത്തിന്റെ സത്യമാം വെളിച്ചമേ

അമലോത്ഭവയാകും കന്യകാമറിയവും
നീതിമാനായിടുന്ന യൗസേപ്പ് താതനുമൊപ്പം
വാഴ്ത്തുന്നു വണങ്ങുന്നു ഞങ്ങളുമൊന്നായിന്ന്
പാരിന്റെ പ്രകാശമേ പൊന്നുണ്ണിമിശിഹായേ

**ബ്ലസ്സി ചേക്കയിൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

# സ്നേഹത്തിന്റെ ചലനങ്ങൾ



**ജിനു നിരപ്പേൽ**

**വി**വാഹം കഴിക്കുന്നതിനു മുമ്പുതന്നെ അവരുടെ ജീവിതം വളരെ കൃത്യമായ ടൈം ടേബിളിൽതന്നെ ആയിരുന്നു. വിവാഹശേഷവും അവർ മുന്നോട്ടു വച്ച നിബന്ധനയും അത് തുടരുക എന്നതായിരുന്നു.

എന്നാൽ അവരുടെ ജീവിതത്തിലേക്ക് ഒരു കുഞ്ഞു കടന്നുവന്നതോടെ ജീവിത ടൈം ടേബിളുകൾ മാറി. ഉറക്കവും ഭക്ഷണവുമൊക്കെ മാറിമറഞ്ഞു. എല്ലാം കുഞ്ഞിനോടുള്ള സ്നേഹത്തെപ്രതിയായപ്പോൾ ബുദ്ധിമുട്ടുകളൊന്നും ഓർത്തില്ല. സ്നേഹം ഉള്ളിടത്തു പ്രയാസങ്ങൾ ഇല്ലല്ലോ....

സ്വപ്നത്തിൽ കർത്താവിന്റെ ദൂതൻ പറഞ്ഞതനുസരിച്ച് യൗസേപ്പ് പിതാവ് മറിയത്തെ സ്വീകരിച്ചു... ഗർഭിണിയായ മറിയത്തെയുംകൂട്ടി ദൂരങ്ങൾ താണ്ടേണ്ടി വന്നപ്പോൾ, കർത്താവിനു കാലിതൊഴുത്തിൽ മെത്തയൊരുക്കേണ്ടിവന്നപ്പോൾ... അവരുടെ സംരക്ഷണത്തിന് അവരെ

*"സ്നേഹത്തോടുകൂടി ചെയ്യാത്ത ഒരു യാത്രയോ, സ്നേഹത്തിനുവേണ്ടി പാലിക്കാത്ത ഒരു നിയമമോ, സ്നേഹത്തിനു വേണ്ടി സ്വയം സമർപ്പിക്കാത്ത ഒരു ജീവിതമോ സ്നേഹത്തിൽ സ്വയം ശൂന്യമാക്കാത്ത ഒരു സമർപ്പണമോ, സ്നേഹത്തോടെ ജീവിക്കാത്ത ഒരു ദിവസമോ, നമുക്കുണ്ടാകാൻ പാടില്ല".*

*ദൈവദാസനായ വില്യം ജക്വീന്താ*




അവിടെനിന്നു ഈജിപ്തിലേയ്ക്ക് കൊണ്ടുപോകേണ്ടി വന്നപ്പോൾ... പ്രയാസങ്ങളുടെ വഴിയിലൂടെ യൗസേപ്പിതാവിന് പലപ്പോഴും കടന്നുപോകേണ്ടി വന്നു.... ദിവ്യശിശുവിനു ജന്മമേകാൻ ഒരു സ്ഥലം തേടിയുള്ള യാത്രയിൽ മറിയവും യൗസേപ്പും തളർന്നില്ല.... ദൈവസ്നേഹത്തിനു മുന്നിൽ "ഞങ്ങൾ തയാറാണ്" എന്ന് പറഞ്ഞപ്പോൾ നൂറ്റാണ്ടുകളുടെ കാത്തിരിപ്പു പൂർത്തിയായി.

ഈശോയുടെ ജനനത്തിൽ പ്രകൃതിപോലും സന്തോഷിച്ചു. വാനദൂതർ അത്യുന്നതങ്ങളിൽ സ്തുതിഗീതങ്ങൾ പാടി. നിഷ്കളങ്കരായ ആട്ടിടയർ ഓടിയെത്തി ദിവ്യശിശുവിനെ ദർശിച്ചു. നക്ഷത്രങ്ങൾ വഴികാട്ടികളായി....

ദൈവദാസനായ വില്യം ജക്വീന്താ ഇപ്രകാരം പറയുന്നു: "സ്നേഹത്തോടുകൂടി ചെയ്യാത്ത ഒരു യാത്രയോ, സ്നേഹത്തിനുവേണ്ടി പാലിക്കാത്ത ഒരു നിയമമോ, സ്നേഹത്തിനുവേണ്ടി സ്വയം സമർപ്പിക്കാത്ത ഒരു ജീവിതമോ സ്നേഹത്തിൽ സ്വയം ശൂന്യമാക്കാത്ത ഒരു സമർപ്പണമോ, സ്നേഹത്തോടെ ജീവിക്കാത്ത ഒരു ദിവസമോ, നമുക്കുണ്ടാകാൻ പാടില്ല".

ചിലപ്പോൾ ദിവസത്തിന്റെ അവസാനം വിശ്രമത്തിനായി അണയുമ്പോൾ നാം ചിന്തിക്കാറില്ലേ ഇതെന്തൊരു ദിവസം ആയിരുന്നു എന്ന്.... മനസുപോലും തളർന്നുപോകുന്ന ആ ദിവസങ്ങൾ ജീവിതനിഘണ്ടുവിൽ ഇല്ലായിരുന്നെങ്കിൽ എന്നാഗ്രഹിച്ചിട്ടില്ലേ... സ്നേഹം ഉണ്ടെങ്കിൽ ജീവിതത്തിൽ ഏതു സാഹചര്യത്തിലൂടെ കടന്നുപോയാലും അവയിലൊന്നും തളർച്ച തോന്നില്ല. മറിച്ച് താല്പര്യം ജനിക്കും. ക്ലേശങ്ങളില്ലാത്ത ജീവിതം ഇല്ലല്ലോ.... സ്നേഹസമർപ്പണമാണ് ഏതൊരു ജീവിതത്തിന്റെയും അടിസ്ഥാനം.

യൗസപ്പ് പിതാവും മാതാവും ദൈവസ്നേഹത്തിനുമുന്നിൽ തങ്ങളെത്തന്നെ അടിയറവു വച്ചപ്പോൾ യുഗങ്ങളുടെ കാത്തിരിപ്പ് സഫലമായി. നമ്മിലും ദൈവസ്നേഹം ഫലമണിയുമ്പോൾ നമ്മെപ്രതി സ്വർഗം സന്തോഷിക്കും. അതിനായി നമുക്ക് പ്രയത്നിക്കാം....

മംഗളവാർത്തക്കാലത്തിലൂടെയാണല്ലോ നാം ഇപ്പോൾ കടന്നുപോകുന്നത്. ഈശോയുടെ ജനനത്തിനായി ഒരുങ്ങുന്ന ഈ വേളയിൽ കർത്താവിന്റെ സ്നേഹം ഉള്ളിൽ നിറയാനായി ആഗ്രഹിക്കാം. ആ സ്നേഹത്തോടെ നമ്മുടെ ദിനരാത്രങ്ങൾ നേരിടാം...

അങ്ങനെ ഉണ്ണീശോയ്ക്കായി നമ്മുടെ ഹൃദയങ്ങളെയും ഒരുക്കാം....




**റവ. ഡോ. തോമസ് വടക്കേൽ**
**പാലാ രൂപത**

**'ലൗ**ദാത്തോ സി' യുടെ രണ്ടാമത്തെ അദ്ധ്യായത്തിൽ പ്രപഞ്ചത്തെക്കുറിച്ചും പ്രപഞ്ചരഹസ്യങ്ങളെക്കുറിച്ചും ഫ്രാൻസിസ് പാപ്പ പ്രതിപാദിക്കുന്നുണ്ട് (76-83). പ്രകൃതി ദൈവത്തോടു ബന്ധപ്പെട്ടാണിരിക്കുന്നത്. പ്രകൃതിയെന്നത് പിതാവായ ദൈവത്തിന്റെ ദാനമാണ്. നാമെല്ലാവരെയും സാർവത്രിക കൂട്ടായ്മയിലേക്കു ക്ഷണിക്കുന്ന, സ്നേഹത്താൽ ദീപ്തമായ ഒരു യാഥാർത്ഥ്യമാണിത്. അനന്ത തമസ്സിൽനിന്നോ, യാദൃശ്ചികതയിൽനിന്നോ ഉയർന്നുവന്ന ഒന്നല്ല ലോകം. കർത്താവിന്റെ വചനത്താൽ സൃഷ്ടിക്കപ്പെട്ടതാണിത് (സങ്കീ 33,6). ദൈവനിശ്ചയത്തിന്റെ ഫലമാണിത്. സ്നേഹത്തിന്റെ ക്രമമാണ് സൃഷ്ടി. സകല സൃഷ്ടവസ്തുക്കളിലും ദൈവത്തിന്റെ സ്നേഹമാണ് അടിസ്ഥാന ചാലകശക്തി. സൃഷ്ടവസ്തുക്കളിൽനിന്നും ദൈവത്തിന്റെ മാഹാത്മ്യത്തെ തിരിച്ചറിയാൻ സാധിക്കും.

പ്രകൃതി ദൈവമല്ല; മറിച്ച് ദൈവത്തെ വെളിപ്പെടുത്തുന്ന അവിടുത്തെ സൃഷ്ടിയാണ്. ദൈവസൃഷ്ടിതന്നെയായ മനുഷ്യന് പ്രകൃതിയോട് ഉത്തരവാദിത്വമുണ്ട്. പ്രകൃതിയെ സംരക്ഷിക്കുകയും അതിന്റെ ശേഷി വികസിപ്പിക്കാനായി തങ്ങളുടെ കഴിവുകൾ വളർത്തിയെടുക്കുകയും വേണം. പ്രകൃതിയെ പരിചരിക്കണമെന്നാണ് സഭ എപ്പോഴും പഠിപ്പിക്കുന്നത്. അപ്പോൾ പ്രകൃതി മനുഷ്യരാശിയെ സ്വയംനശീകരണത്തിൽനിന്നും രക്ഷിക്കും. തൻെ സൃഷ്ടിയുടെ സ്വയംഭരണത്തെ ബാധിക്കാതെ ദൈവം ഓരോ ജീവിയോടും ഗാഢമായി സമീപസ്ഥനാണ്. ഇത് ഭൗമികകാര്യങ്ങൾ നേരായും അർഹിക്കുന്ന സ്വയംഭരണത്തിന് ജന്മമേകുന്നു. ഓരോ ജീവിയുടെയും നിലനില്പും വളർച്ചയും ഉറപ്പാക്കുന്ന അവിടുത്തെ ദൈവികസാന്നിദ്ധ്യം 'സൃഷ്ടികർമ്മം' തുടരുന്നു.

മനുഷ്യരുടെ നിരങ്കുശമായ മേധാവിത്വത്തിനു വിധേയമായ വെറും വസ്തുക്കളായി മറ്റു ജീവികളെ കരുതുന്നത് മൗഢ്യമാണ്. ലാഭത്തിനും നേട്ടത്തിനും മാത്രമുള്ള ഒരു സ്രോതസ്സുമാത്രമായി പ്രകൃതിയെ കാണുന്നത് സമൂഹത്തിനു ഗുരുതരമായ പ്രത്യാഘാതങ്ങളുണ്ടാക്കും. 'കയ്യൂക്കുള്ളവൻ കാര്യക്കാരൻ' എന്ന കാഴ്ചപ്പാട് വലിയ അസമത്വവും അനീതിയും അക്രമവും മനുഷ്യരാശിയിൽ ജനിപ്പിക്കുന്നുണ്ട്. സ്വൈരൈക്യത്തിന്റെയും നീതിയുടെയും സാഹോദര്യത്തി

ന്റെയും സമാധാനത്തിന്റെയും ആദർശങ്ങൾ ഇവിടെ നഷ്ടമാകുന്നു. മറ്റു സൃഷ്ടികളുടെ ആത്യന്തിക ഉദ്ദേശ്യം നമ്മിലല്ല കണ്ടെത്തേണ്ടത്; മറിച്ച് മിശിഹായിലാണ്. ദൈവമാകുന്ന പൊതുലക്ഷ്യത്തിലേക്ക് നമ്മോടുകൂടിയും നമ്മിലൂടെയും എല്ലാ സൃഷ്ടികളും മുന്നോട്ടുനീങ്ങുകയാണ്. വിവേകബുദ്ധിയുള്ള മനുഷ്യൻ സർവസൃഷ്ടികളെയും അവരുടെ സ്രഷ്ടാവിലേക്ക് തിരികെച്ചേർക്കുവാൻ വിളിക്കപ്പെട്ടിരിക്കുന്നു.

**4. സൃഷ്ടിയുടെ സ്വരൈക്യം**

എല്ലാ സൃഷ്ടവസ്തുക്കൾക്കും അതിന്റേതായ ഉദ്ദേശ്യമുണ്ട്. ദൈവാവിഷ്കാരത്തിൽനിന്ന് ഒരു സൃഷ്ടിയും ഒഴിവാക്കപ്പെട്ടിട്ടില്ല. വിസ്മയത്തിന്റെയും അത്ഭുതത്തിന്റെയും നിതാന്തസ്രോതസ്സാണ് പ്രകൃതി. ഇത് ദൈവികതയുടെ തുടർവെളിപാടാണ്. സൂര്യപ്രഭയിലും രാത്രിയുടെ വരവിലും ദൈവികമായ ഒരു ആവിഷ്കരണമുണ്ട്. പ്രപഞ്ചം ദൈവത്തിന്റെ ഒരിക്കലും തീരാത്ത സമ്പന്നതയെ എടുത്തുകാണിക്കുന്നു. ഓരോ സൃഷ്ടവസ്തുവിനെക്കുറിച്ചും ദൈവികപദ്ധതിയുടെ സാകല്യത്തിൽ ധ്യാനിക്കുമ്പോഴാണ് അതിന്റെ പ്രാധാന്യവും അർത്ഥവും നാം കൂടുതൽ മനസ്സിലാക്കുന്നത്. ഒരു സൃഷ്ടിയും സ്വയം പര്യാപ്തമല്ല; പരസ്പരാശ്രയമില്ലാതെ സൃഷ്ടികൾക്കു നിലനില്പില്ല. പരസ്പരമുള്ള സഹായത്തിലൂടെ അന്യോന്യം അവ പരിപൂർണത പ്രാപിക്കുന്നു.



അസ്തിത്വമുള്ള സർവതിലും ദൈവം പ്രതിഫലിക്കപ്പെട്ടതായി നമുക്കു കാണാൻ കഴിയുമ്പോൾ എല്ലാ സൃഷ്ടവസ്തുക്കളെയുംപ്രതി അവിടുത്തെ സ്തുതിക്കുവാനും അവയോടു ചേർന്ന് അവിടുത്തെ പുകഴ്ത്തുവാനും നമ്മുടെ ഹൃദയം ആഗ്രഹിക്കും. അസ്സീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ കീർത്തനം ഇപ്രകാരമുള്ളതാണ്:



എന്റെ നാഥാ, അങ്ങയുടെ എല്ലാ സൃഷ്ടജാലങ്ങളാലും,
പ്രത്യേകിച്ചു സൂര്യസഹോദരനാലും
അങ്ങേക്കു സ്തുതി.
എന്തെന്നാൽ, അവൻ പകലാകുന്നു,
അവനിലൂടെ അങ്ങ് ഞങ്ങൾക്കു പ്രകാശമരുളുന്നു.
അവൻ സുന്ദരനും ഉജ്ജ്വലപ്രഭാവത്തോടെ
തിളങ്ങുന്നവനുമാകുന്നു;
മഹോന്നതനായ ദൈവമേ,
അവൻ അങ്ങയുടെ സാദൃശ്യം വഹിക്കുന്നു.
എന്റെ നാഥാ, ആകാശവിരിപ്പിൽ
അഴകോടും തിളക്കത്തോടുംകൂടി അങ്ങു സൃഷ്ടിച്ച
ചന്ദ്രനക്ഷത്രാദിസഹോദരിമാരാൽ
അങ്ങേക്കു സ്തുതി.
എന്റെ നാഥാ, സഹോദരനായ കാറ്റിനാലും
മേഘാവൃതവും ശോഭായമാനവുമായ
ആകാശത്താലും അങ്ങേ സൃഷ്ടജാലത്തിനു
സമ്പുഷ്ടി നല്കുന്ന എല്ലാത്തരം കാലാവസ്ഥയാലും
അങ്ങേക്കു സ്തുതി.
എന്റെ നാഥാ, അത്യധികം പ്രയോജനകാരിയും വിനീതയും
വിലപ്പെട്ടവളും നൈർമല്യമോലുന്നവളുമായ
ജലസഹോദരിയാൽ അങ്ങേക്കു സ്തുതി.
എന്റെ നാഥാ, അഗ്നിസഹോദരനാൽ
അങ്ങേക്കു സ്തുതി.
അവനിലൂടെ നിശയിൽ അങ്ങ് ഞങ്ങൾക്കു
പ്രകാശമരുളുന്നു;
അവൻ സുന്ദരനും ഉല്ലാസവാനും
കരുത്തനും ശക്തനുമാണല്ലോ.

*"നശിപ്പിക്കൽപ്രകൃതിയും, മനഃപൂർവം പൊതുസൗകര്യങ്ങളും പൊതുസ്വത്തും തകർക്കുന്നതും മോഷണത്തിന്റെ രൂപങ്ങളാണ്. അതിന് പരിഹാരം ചെയ്യണം".*

(YOUCAT 433)

# റഹോബോവാം

**ഷിജി പറപ്പള്ളിയാത്ത്**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**



**സോ**ളമൻ രാജാവിന്റെയും അമ്മോന്യയായ താമായുടെയും മകനാണ് റഹോബോവാം. യൂദായിൽ അവൻ ഭരണ മേൽക്കുമ്പോൾ നാൽപ്പത്തൊന്ന് വയസാ യിരുന്നു.

പിതാവായ സോളമന്റെ കാലശേഷം അദ്ദേഹം രാജസ്ഥാനത്ത് എത്തിയപ്പോൾ ജ റോബോവാമിന്റെ നേതൃത്വത്തിൽ ജനത്തിന്റെ വലിയൊരു പ്രതിനിധിസംഘം അവനെ സന്ദർ ശിച്ച്, അടിമപ്പണിയിൽനിന്നും നികുതിയിൽ നിന്നും ആശ്വാസം നല്കണമെന്ന് അവനോട് അപേക്ഷിച്ചു. "അങ്ങ് അവർക്കു വഴങ്ങി അ വരെ സേവിക്കുകയും അവർക്ക് ദയാപൂർവ്വം മറുപടി നല്കുകയും ചെയ്യണമെന്നായിരുന്നു കൊട്ടാരത്തിലെ മുതിർന്നവരുടെ അഭിപ്രായം. അവനാകട്ടെ പാർശ്വവതികളായ യുവാക്ക ളുടെ ഉപദേശം സ്വീകരിച്ചു. അവൻ പ്രതി നിധിസംഘത്തോട് പറഞ്ഞു: "എന്റെ ചെറു വിരൽ എന്റെ പിതാവിന്റെ അരക്കെട്ടിനേക്കാൾ വലുതാണ്. എന്റെ പിതാവ് ഭാരമുള്ള നുകം നിങ്ങളുടെമേൽ വച്ചു. ഞാനതിന്റെ ഭാരം കൂട്ടും. അവൻ നിങ്ങളെ ചാട്ടകൊണ്ടടിച്ചു. ഞാൻ മുൾച്ചാട്ടകൊണ്ടടിക്കും" (1 രാജാ 12,10-11).

അങ്ങനെ റഹോബോവാം ജനത്തിന്റെ അപേക്ഷകൾ നിരസിച്ചു. അതിന് ജനം തക്ക മറുപടി നൽകി. "ദാവീദുമായി ഞങ്ങൾക്ക് എന്തു ബന്ധം? ജസ്സെയുടെ പുത്രനിൽ ഞ ങ്ങൾക്കെന്തവകാശം? ഇസ്രായേലേ, കൂടാര ങ്ങളിലേക്ക് മടങ്ങുക. ദാവീദേ, നീ നിന്റെ കു ടുംബം നോക്കിക്കൊള്ളുക" ( 1 രാജാ 12,16). അങ്ങനെ പത്തു ഗോത്രങ്ങളും ദാവീദിന്റെ ഭവനത്തെ പുറം തള്ളി. യൂദാ- ബഞ്ചമിൻ ഗോത്രങ്ങളുടെ മാത്രം രാജാവായി റഹോ ബോവാം വാണു. പിന്നീട് അവൻ അടിമകളുടെ മേൽനോട്ടക്കാരനായ ഹാദോറാമിനെ ഇസ്രാ യേല്യരുടെ അടുത്തേയ്ക്ക് അയച്ചു. അവർ അവനെ കല്ലെറിഞ്ഞു കൊന്നു. തന്മൂലം അവൻ തിടുക്കത്തിൽ രഥത്തിൽ കയറി ജറുസ ലേമിലേക്ക് പലായനം ചെയ്തു. അവിടെ എത്തിയ റഹോബോവാം ജറുസലേമിൽനിന്ന് ഇസ്രായേലിനെതിരെ യുദ്ധം ചെയ്ത് രാജ്യം വീണ്ടെടുക്കാൻ യൂദായുടെയും ബെഞ്ച

മിന്റെയും ഗോത്രങ്ങളിൽനിന്ന് ഒരു വലിയ ഗണം സൈന്യത്തെ ശേഖരിച്ച് ഒരുക്കി. എന്നാൽ പ്രവാചകനായ ഷെമായ മുഖേന ദൈവമായ കർത്താവ് അരുളിചെയ്തു: "നീ അങ്ങോട്ട് പോവുകയോ സഹോദരന്മാരോട് യുദ്ധം ചെയ്യുകയോ അരുത്. ആളുകളെ അവരവരുടെ ഭവനങ്ങളിലേക്ക് അയക്കുക. എന്റെ ഹിതമനുസരിച്ചാണ് ഇതെല്ലാം സംഭവിച്ചത്. അവർ കർത്താവിന്റെ വാക്കുകേട്ട് മടങ്ങിപ്പോയി. ജറോബോവാമിനോട് യുദ്ധത്തിന് പോയില്ല" (2 ദിന 11,4).

ജെറുസലേമിൽ പട്ടണങ്ങൾ നിർമ്മിച്ച് റഹോബോവാം അതിന്റെ കോട്ടകൾ സുശക്തമാക്കി. കർത്താവിന്റെ പുരോഹിതശുശ്രൂഷ ചെയ്തിരുന്ന ലേവ്യരെ ജറോബോവാം പുറത്താക്കിയതിനാൽ അവർ തങ്ങളുടെ സ്വന്തം സ്ഥലവും അവകാശങ്ങളും ഉപേക്ഷിച്ച് റഹോബോവാമിന്റെ അടുത്ത് അഭയം തേടി. ജറോബോവാം അന്യദേവന്മാരെ പ്രതിഷ്ഠിക്കുകയും പൂജാഗിരികളിൽ ആഗ്രഹമുള്ളവരെയെല്ലാം പുരോഹിതരാക്കുകയും ചെയ്തതിനാൽ, ഇസ്രായേലിന്റെ ദൈവമായ കർത്താവിനെ ഹൃദയപൂർവ്വം തേടിയിരുന്നവർ, ഇസ്രായേലിലെ എല്ലാ ഗോത്രങ്ങളിലും നിന്ന് ലേവ്യരുടെ പിന്നാലെ ജെറുസലേമിൽ തങ്ങളുടെ പിതാക്കന്മാരുടെ ദൈവത്തിന് ബലിയർപ്പിക്കാൻ വന്നു. അങ്ങനെ യൂദാരാജ്യം പ്രബലമായി.

സാവധാനം അവന്റെ ഭരണം സുസ്ഥിരവും സുശക്തവുമായപ്പോൾ കർത്താവിനോടുള്ള അവന്റെ വിശ്വസ്തതയ്ക്ക് മങ്ങലേറ്റു. റഹോബോവാമിന്റെ അഞ്ചാം ഭരണകാലം ഈജിപ്ത് രാജാവായ ഷീഷാക്ക് ആയിരത്തി ഇരുനൂറു രഥങ്ങളും ആറായിരം കുതിരപ്പടയാളികളുമായി ജെറുസലേമിനെ ആക്രമിച്ചു. ആ അവസരത്തിൽ പ്രവാചകനായ ഷെമായ വഴി റഹോ



ബോവാമിനോടും യൂദാ പ്രഭുക്കന്മാരോടും കർത്താവ് അരുളിചെയ്തു: "നിങ്ങൾ എന്നെ ഉപേക്ഷിച്ചതിനാൽ ഞാൻ നിങ്ങളെയും ഉപേക്ഷിച്ച് ഷീഷാക്കിന്റെ കൈകളിൽ ഏൽപ്പിച്ചിരിക്കുന്നു" (2 ദിന 12,5).

ഇതു കേട്ട് ഇസ്രായേൽ രാജാവും പ്രഭുക്കന്മാരും കർത്താവ് നീതിമാനാണെന്ന് ഏറ്റുപറഞ്ഞ് എളിമപ്പെട്ടു. ഈ പ്രവൃത്തി കർത്താവിന് സ്വീകാര്യമാവുകയും അവരെ നശിപ്പിക്കാതെ അവർക്ക് മോചനമരുളുകയും ചെയ്തു. എന്നാലും കർത്താവിനെ സേവിക്കുന്നതും ഭൂമിയിലെ രാജാക്കന്മാരെ സേവിക്കുന്നതും തമ്മിലുള്ള അന്തരം മനസ്സിലാക്കാൻ ഈജിപ്ത് രാജാവായ ഷീഷാക്കിന്റെ ദാസന്മാരായിത്തീരുന്നതിന് അവരെ കർത്താവ് വിട്ടുകൊടുത്തു.

ജെറുസലേമിൽ എത്തിയ ഷീഷാക്ക് ദേവാലയത്തിലെയും രാജകൊട്ടാരത്തിലെയും സകല നിക്ഷേപങ്ങളും സോളമൻ നിർമ്മിച്ച പൊൻപരിചയും കൊണ്ടുപോയി. റഹോബോവാമാകട്ടെ അവയ്ക്ക് പകരം ഓട്ടുപരിചകൾ നിർമ്മിച്ച് കൊട്ടാരത്തിലെ മേലാളന്മാരെ ഏൽപ്പിച്ചു. കർത്താവ് തിരഞ്ഞെടുത്ത ഗോത്രത്തെ ജെറുസലേമിൽ നയിച്ച റഹോബോവാം തിന്മ പ്രവർത്തിച്ചു തുടങ്ങി. ഹൃദയപൂർവ്വം കർത്താവിനെ അന്വേഷിച്ചില്ല എന്നതായിരുന്നു അവന്റെ തെറ്റ്. ജനത്തിന് കരുതലും കാവലുമാകാനും അവരെ വിശ്വാസത്തിലും ദൈവമായ കർത്താവിനെ ആരാധിക്കാൻ ഒരുമിപ്പിച്ചു കൂട്ടുന്നതിലും റഹോബോവാം പരാജയപ്പെട്ടു. യൂദാഗോത്രത്തിന്റെതന്നെ അധ:പതനത്തിന് അവൻ കാരണമായി. അവൻ പാപം ചെയ്ത് തങ്ങളുടെ പിതാക്കന്മാരെക്കാൾ കൂടുതൽ കർത്താവിനെ പ്രകോപിപ്പിച്ചു. റഹോബോവാം പൂജാഗിരികളും സ്തംഭങ്ങളും ഉണ്ടാക്കി. കുന്നുകളുടെ മുകളിലും വൃക്ഷച്ചുവടുകളിലും അഷേരാ പ്രതിഷ്ഠകൾ സ്ഥാപിച്ചു. കർത്താവ് ഇസ്രായേൽജനത്തിന്റെ മുമ്പിൽനിന്ന് ആട്ടിയകറ്റിയ ജനതകളുടെ എല്ലാ മ്ലേച്ഛതകളിലും അവർ മുഴുകി. തങ്ങളുടെമേൽ കർത്താവിന്റെ പ്രതികാരം പതിക്കുന്നതുവരെ എല്ലാ തിന്മകളിലും അവർ വിഹരിച്ചു. യൂദായും ഇസ്രായേലും തമ്മിലുള്ള യുദ്ധം നിരന്തര സംഭവമായി മാറി. "വിഡ്ഢിത്തത്തിൽ ഒന്നാമനും വിവേകത്തിൽ ഒടുവിലത്തെവനും ആയ റഹോബോവാമിന്റെ ഭരണം ജനതകളുടെ കലാപത്തിന് കാരണമായി" ( പ്രഭാ 47,23).

പതിനെട്ടു ഭാര്യമാരും അറുപത് ഉപനാരികളും ഇരുപത്തിയെട്ടു പുത്രന്മാരും അറുപതു പുത്രിമാരും അവനുണ്ടായിരുന്നു. തന്റെ ഭരണത്തിന്റെ പതിനേഴാം വർഷം റഹോബോവാം പിതാക്കന്മാരോടു ചേർന്നു. അവനെ ദാവീദിന്റെ നഗരത്തിൽ സംസ്കരിച്ചു.

*റഹോബോവാം നൽകുന്ന ജീവിത പാഠങ്ങൾ:*

→*ദൈവത്തെ ഹൃദയപൂർവ്വം അന്വേഷിച്ചാൽ, ദൈവത്തോട് വിശ്വസ്തനായിരുന്നാൽ വ്യക്തിജീവിതം മാത്രമല്ല ഒരു ജനതയുടെ ജീവിതത്തെയും നന്മയിൽ നിലനിർത്താൻ കഴിയും.*

→*വിവേകവും നീതിയും സ്വന്തമാക്കുക.*

→*സഹജരുടെ ആവശ്യങ്ങളിൽ കഠിനഹൃദയം പുലർത്താതിരിക്കുക*

→*കർത്താവിനെ ഉപേക്ഷിച്ചാൽ കർത്താവ് നമ്മെയും ഉപേക്ഷിക്കും*

→*ദൈവം കൂടെയുള്ള ജീവിതത്തിൽ വിജയം ഉറപ്പാണ്.*



# മാതാപിതാക്കൾ നേരിടുന്ന വെല്ലുവിളികൾ

റെനി പുത്തേട്ട്
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

ആധുനികതയുടെ ഈ നൂറ്റാണ്ടിൽ മാതാപിതാക്കൾ നേരിടുന്ന വെല്ലുവിളികൾ ഏറെയാണ്. കാലം മുന്നോട്ടു പോകുംതോറും കാര്യങ്ങൾ കൂടുതൽ സങ്കീർണ്ണമാകുന്നു.

പലപ്പോഴും മാതാപിതാക്കൾ ഈ വെല്ലുവിളികളെ വേണ്ടവിധം കൈകാര്യം ചെയ്യാനാവാതെ പകച്ചു നിൽക്കുന്നു. ദൈവത്തോട് ആലോചന ചോദിച്ച് ദൈവമേൽപിച്ച കടമകൾ നിർവഹിക്കുമ്പോൾ ഇവയെ അതിജീവിക്കാനുള്ള കരുത്തും കാര്യപ്രാപ്തിയും ജ്ഞാനവും ദൈവം നൽകും എന്ന സത്യത്തെ നാം അംഗീകരിക്കണം. മാതാപിതാക്കൾ ഇന്നു നേരിടുന്ന വെല്ലുവിളികളിലൂടെ നമുക്കൊന്നു കടന്നുപോകാം.

**1. ശിക്ഷണം നൽകാനുള്ള ഭയം**

കുട്ടികൾക്ക് അവരുടെ ചെറുപ്രായത്തിൽ തന്നെ ശിക്ഷണംകൊടുത്തു തുടങ്ങിയാൽ മാത്രമേ അവരുടെ വളർച്ചയിലുടനീളം ഇത് തുടരുവാൻ മാതാപിതാക്കൾക്ക് സാധിക്കൂ. അവരത് വേണ്ടവിധം സ്വീകരിക്കൂ. ഇപ്രകാരമുള്ള ശിക്ഷണത്തിൽ വീഴ്ച വന്നാൽ മാതാപിതാക്കൾക്ക്

തങ്ങളുടെ മക്കളുടെ ചെറുപ്രായത്തിൽത്തന്നെ അവരുടെ മേലുള്ള നിയന്ത്രണം നഷ്ടമാവുകയും ചെയ്യുന്നു. ജീവൻ സ്വയം അവസാനിപ്പിക്കാനുള്ള പ്രവണത കുഞ്ഞുങ്ങൾക്ക് ഉണ്ടാകുമോ എന്നു ഭയപ്പെട്ട് നിസ്സാരകാര്യത്തിനുപോലും നൽകേണ്ട തിരുത്തലുകൾ നൽകാൻ മാതാപിതാക്കൾ തയ്യാറാകാതെ വരുന്നുമുണ്ട്. എന്നാൽ അമിതലാളന ഒരിക്കലും കുട്ടികളെ വളർത്തുന്നില്ല. മറിച്ച് തല്ലും തലോടലും ഒരുപോലെ ലഭിച്ചിട്ടുള്ള കുട്ടികളേ സമൂഹത്തിൽ ഉന്നതസ്ഥാനം അലങ്കരിച്ചിട്ടുള്ളൂ.

### 2. സംതൃപ്തി ഇല്ലായ്മയുടെ മനശാസ്ത്രം

ഇന്നത്തെ കുട്ടികൾ എന്തൊക്കെ കിട്ടിയാലും എത്ര കിട്ടിയാലും തൃപ്തരല്ല. കിട്ടാത്തതിനെ കുറിച്ചാണ് എപ്പോഴും അവർക്ക് പരാതി. ലഭിച്ചതിന് കൃതജ്ഞതയുള്ളവരായിരിക്കാൻ അവർക്ക് അറിയില്ല. തങ്ങൾ ആഗ്രഹിക്കുന്നതും ആവശ്യപ്പെടുന്നതുമെല്ലാം നൽകുവാൻ കടപ്പെട്ടവരാണ് മാതാപിതാക്കൾ എന്ന മനോഭാവത്തോടെ അവകാശവാദം ഉന്നയിക്കുന്ന കുട്ടികളാണിന്നുള്ളത്. മാതാപിതാക്കളുടെ യഥാർത്ഥ അവസ്ഥയെ പരിഗണിക്കാതെ തങ്ങൾ ആവശ്യപ്പെടുന്നതെല്ലാം ലഭിക്കണം എന്നു വാശി പിടിച്ചുകൊണ്ട് പെരുമാറുന്ന കുട്ടികളുടെ എണ്ണം ഏറിവരുകയാണ്. ചെറുപ്പംമുതലേ കുട്ടികളെ കുടുംബത്തിന്റെ യഥാർത്ഥ അവസ്ഥ അറിയിച്ചു വളർത്തുവാൻ മാതാപിതാക്കൾ ധൈര്യം കാട്ടിയാൽ, തങ്ങൾക്ക് ലഭിക്കുന്നതിൽ കുട്ടികൾ സന്തോഷവും സംതൃപ്തിയും നന്ദിയും പുലർത്തും എന്നതാണ് വാസ്തവം.

### 3. മാതാപിതാക്കളുടെ സംഘർഷഭരിതമായ മാനസികാവസ്ഥ

മാതാപിതാക്കൾ പലവിധ കാരണങ്ങളാൽ വ്യഗ്രചിത്തരാണ്. ഉദാഹരണമായി പണ സമ്പാദനവ്യഗ്രത. ജീവിതക്ലേശങ്ങൾ, രോഗങ്ങൾ, പരസ്പരബന്ധത്തിലെ വിള്ളലുകൾ, ജോലി സാഹചര്യങ്ങളിലുളവാകുന്ന മാനസിക സംഘർഷം തുടങ്ങിയവ. അതിനാൽത്തന്നെ തങ്ങളുടെ പ്രശ്നങ്ങൾ പരിഹരിച്ചിട്ട് മക്കളിലേക്കു തിരിയാൻ ഇവർക്ക് സാധിക്കുന്നില്ല. ദൈവപരി പാലനയിൽ ആശ്രയിച്ചും, പ്രാർത്ഥനയിലും കൂദാശകളിലും ആത്മാർത്ഥമായി പങ്കുചേർന്നും മുന്നോട്ടു പോവുകയാണെങ്കിൽ ദൈവമേൽപ്പിച്ച മഹനീയ ഉത്തരവാദിത്വത്തെ ശാന്തതയോടെ, സമചിത്തതയോടെ കൈകാര്യം ചെയ്യാനാവും.

### 4. ശരിയായ മനസ്സാക്ഷി രൂപീകരിക്കുന്നതിനുള്ള പരാജയം

സമൂഹം ഇന്ന് അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ പ്രശ്നങ്ങളിലൊന്നാണ് മനസ്സാക്ഷി മരവിച്ച മനുഷ്യൻ. തെറ്റും ശരിയും തമ്മിലുള്ള വ്യത്യാസത്തെക്കുറിച്ചുള്ള വ്യക്തമായ ധാരണ, തെറ്റു ചെയ്യാനുള്ള ഭയം, തെറ്റു ചെയ്താലുള്ള ദുഃഖം, പ്രവർത്തിക്കുന്നതിനു മുമ്പ് ചിന്തിക്കുന്ന സ്വഭാവം, സത്യത്തോടും നിയമത്തോടുമുള്ള താല്പര്യം, മൂല്യങ്ങളെക്കുറിച്ചുള്ള ശരിയായ അറിവ്, ജീവിതമൂല്യങ്ങൾ ഉൾക്കൊണ്ട് പെരുമാറ്റം ക്രമീകരിക്കാനുള്ള പക്വത തുടങ്ങിയ വയെല്ലാം ശരിയായ മനസ്സാക്ഷിയുടെ ഫലങ്ങളാണ്. എന്നാൽ ഇപ്രകാരമുള്ള മനസ്സാക്ഷി രൂപീകരണത്തോടു പലർക്കും നീതി പുലർത്താൻ സാധിക്കുന്നില്ല എന്നതാണ് ഇന്ന് നേരിടുന്ന ഏറ്റവും വലിയ വെല്ലുവിളി.

### 5. പൊരുത്തപ്പെടലിലുള്ള കഴിവില്ലായ്മ

സ്വന്തം വീട്ടിൽ തങ്ങളുടെ സഹോദരങ്ങളോടോ മാതാപിതാക്കളോടോപോലും പൊരു ത്തപ്പെട്ടു പോകാൻ പലർക്കും കഴിയുന്നില്ല. ഓരോ കുട്ടിയും ഓരോ തുരുത്തുകളായി

വേറിട്ടുനിൽക്കുന്നു. പല കുടുംബങ്ങളെയും ഇന്നു ഭരിക്കുന്നത് കുട്ടികളും അവരുടെ ഇഷ്ടങ്ങളുമാണ്. ഇവരിൽ സ്നേഹമോ, പങ്കുവയ്ക്കൽ മനോഭാവമോ, സഹായമനസ്കതയോ ഒന്നുംതന്നെ ഇല്ല. ഒരു പരിധിവരെ ഇവയൊന്നും മക്കളെ പഠിപ്പിക്കാൻ മാതാപിതാക്കൾക്കു സാധിക്കുന്നുമില്ല. ഇങ്ങനെ വളരുന്ന കുട്ടി സമൂഹത്തിലേക്ക് ഇറങ്ങിയാൽ ആരോടും യോജിച്ചു പോകില്ല; എന്നു മാത്രമല്ല, പുതിയ സാഹചര്യങ്ങൾ, കാലാവസ്ഥ, ആഹാരരീതികൾ എന്നിവയുമായി പൊരുത്തപ്പെടാൻ അവന് ഒരിക്കലും സാധിക്കുന്നില്ല. ഫലമോ, സമൂഹത്തിൽ നിന്നുതന്നെ അവൻ ബഹിഷ്കൃതനാക്കപ്പെടുന്നു.

### 6. ശാരീരിക മാനസിക ആധ്യാത്മിക സുരക്ഷിതത്വം ഇല്ലായ്മ

കുട്ടികളുടെമേലുള്ള ലൈംഗിക അതിക്രമം വർദ്ധിച്ചു വരുന്ന കാലഘട്ടമാണിത്. കുട്ടികൾക്ക് തങ്ങളുടെ ശാരീരിക തലത്തിലുള്ള വളർച്ചയെയും അതിനാവശ്യമായ സുരക്ഷിതത്വ മുൻകരുതലിനെകുറിച്ചും ബോധ്യങ്ങൾ നല്കേണ്ടതുണ്ട്. ദൈവഹിതമനുസരിച്ചാണ് തങ്ങളുടെ ശരീരത്തെ കൈകാര്യം ചെയ്യേണ്ടത് എന്നതിനെക്കുറിച്ചും അവർക്ക് അറിവ് നൽകാൻ കടപ്പെട്ടവരാണ് തങ്ങൾ എന്ന ബോധ്യം മാതാപിതാക്കൾക്ക് ഉണ്ടാകണം. അതോടൊപ്പംതന്നെ വിദ്യാഭ്യാസ, കലാകായികരംഗത്തും സൗഹൃദവലയത്തിലും കുട്ടികൾ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളെ പരിഹരിക്കുവാൻ പരിശ്രമിക്കുകയും ആവശ്യമെങ്കിൽ നവീന സാധ്യതകളെ പ്രയോജനപ്പെടുത്തുകയും ചെയ്യണം. ആത്മീയവിദ്യാഭ്യാസത്തിലുള്ള പരാജയം, ആധ്യാത്മിക സുരക്ഷിതത്വമില്ലായ്മയിലേക്കു നയിക്കുകയും ജിഹാദ്, സാത്താൻസേവ തുടങ്ങിയ സംഹാര ശക്തികൾക്കടിമപ്പെട്ട് ജീവിതം തകർക്കാൻ ഇടയാക്കുകയും ചെയ്യുന്നു.

### 7. കുട്ടികളെ മനസ്സിലാക്കുന്നതിനുള്ള കുറവ്

കുട്ടികളുടെ ലോകം നാം ചിന്തിക്കുന്നതിൽനിന്നും ഏറെ അകലെയാണ്. അവരുടെ ലോകത്തിലേക്ക് ഇറങ്ങിച്ചെന്ന് അവരെ മനസ്സിലാക്കാൻ ശ്രമിക്കണം, പഠിക്കണം, പരിശീലിക്കണം. മക്കളുടെ പെരുമാറ്റരീതിയുടെ യഥാർത്ഥ കാരണങ്ങളും അവരുടെ മുറിവേറ്റ വികാരങ്ങളും മനസ്സിലാക്കുന്നതിൽ മാതാപിതാക്കൾ പരാജയപ്പെടുന്നു എന്നത് ഒരു വെല്ലുവിളി തന്നെയാണ്. കുട്ടികളുടെ മോശമായ പെരുമാറ്റത്തിനു പിന്നിൽ പലപ്പോഴും അവരനുഭവിക്കുന്ന ഏകാന്തതയോ, നിരാശയോ ഒക്കെ ആവാം. അവരുടെ വൈകാരികഭാവങ്ങളെ തിരിച്ചറിയുവാനും അവർ അർഹിക്കുന്ന പരിഗണന അവർക്കു കൊടുക്കാനും സാധിക്കുമ്പോൾ മാത്രമേ മാതാപിതാക്കൾ തങ്ങളെ ശ്രദ്ധിക്കുന്നുണ്ടെന്നും മനസ്സിലാക്കുന്നുണ്ടെന്നുമുള്ള ബോധ്യം കുട്ടികൾക്ക് ലഭിക്കൂ.

### 8. നവമാധ്യമങ്ങളുടെ അതിപ്രസരം

അറിവും ഉല്ലാസവും പകരാനായിനിലവിൽ വന്ന മാധ്യമങ്ങൾ ഇന്ന് പ്രചരിപ്പിക്കുന്നത് ഏറെയും മൂല്യനിഷേധങ്ങളാണ്. കുട്ടികൾ ഇതിന്റെ സ്വാധീനത്തിൽ പെട്ടുപോകുന്നു, സത്യത്തിൽ ഈ നവമാധ്യമങ്ങൾ കുട്ടികളെ കൂട്ടിക്കൊണ്ടുപോകുന്ന ലോകം മാതാപിതാക്കൾക്ക് ഇനിയും അജ്ഞാതമാണ്. മിനിസ്ക്രീനിൽ തെളിയുന്ന പരസ്യങ്ങളും മറ്റും കുട്ടികളുടെ ചിന്താരീതിയെയും വസ്ത്രധാരണത്തെയും ഭക്ഷണക്രമത്തെയും ജീവിതത്തെതന്നെയും മാറ്റിമറിക്കുന്നു. മാധ്യമങ്ങളിലെ നന്മതിന്മകളെ വിവേചിച്ചറിയാനുള്ള ആർജ്ജവത്വം കുട്ടികളിൽ ജനിപ്പിക്കാനുള്ള പരിജ്ഞാനം മാതാപിതാക്കൾ നേടിയെടുക്കേണ്ടതും അതിനായി പരിശ്രമിക്കേണ്ടതും അത്യാവശ്യമാണ്.

**9. ഉത്തമ മാതൃകകളുടെ അഭാവം**

ഒരു കുഞ്ഞിന്റെ ജീവിതത്തിന്റെ സമസ്തമേഖലകളിലും വഴികാട്ടിയും മാതൃകയുമാകേണ്ടത് മാതാപിതാക്കളാണ് .വിദ്വേഷത്തിന്റെ അന്തരീക്ഷത്തിൽ വളരുന്ന കുട്ടി കലഹിക്കാനും, വിമർശനം മാത്രം ഏറ്റു വളരുന്ന കുട്ടി കുറ്റപ്പെടുത്തുവാനുമുള്ള സാധ്യതയാണ് പൊതുവേ ഉള്ളത്.അനുദിനജീവിത പ്രതിസന്ധികളെ ദൈവഹിതപ്രകാരം അഭിമുഖീകരിക്കുന്നതിൽ മാതൃകയാവാൻ മാതാപിതാക്കൾക്ക് സാധിക്കുന്നുണ്ടോ എന്നത് ഇവിടെ ഒരു ചോദ്യചിഹ്നമായി ഉയരുന്നു.

**10. ആത്മീയ വിദ്യാഭ്യാസത്തിന്റെ കുറവ്**

ഒരു കുട്ടി ആദ്യമായി ദൈവത്തെ അറിയേണ്ടതും അനുഭവിക്കേണ്ടതുമായ ആത്മീയ സ്രോതസ്സ് മാതാപിതാക്കൾതന്നെയാണ്. എന്നാൽ ഇന്ന് ഇത് എത്ര മാതാപിതാക്കൾക്ക് സാധിക്കുന്നു? ഭൗതികവിജ്ഞാനത്തിന്റെ പത്തിലൊന്നുപോലും ആധ്യാത്മികജ്ഞാനം ഇന്നത്തെ കുട്ടികൾക്ക് ലഭിക്കുന്നില്ല. ഭൗതികവിദ്യാഭ്യാസം വേണ്ടതുതന്നെ. എന്നാൽ ദൈവത്തിൽനിന്നു വരുന്ന ജ്ഞാനം സ്വീകരിക്കാൻ അവനെ പ്രാപ്തനാക്കിയിട്ടില്ലെങ്കിൽ മുന്നോട്ടുള്ള ജീവിതത്തിൽ പരാജിതനാകും എന്ന് ജീവിതാനുഭവങ്ങൾ സൂചിപ്പിക്കുന്നു. മാതൃത്വവും പിതൃത്വവും ദൈവത്തിന്റെ ദാനമാണ്. ദൈവം ഭരമേൽപ്പിക്കുന്ന ഉത്തരവാദിത്വമാണ്. ഈ ദൗത്യം ദൈവഹിതപ്രകാരം നിർവഹിച്ചാൽ മാത്രമേ അവിടുന്ന് ആഗ്രഹിക്കുന്ന നന്മ ഇതിലൂടെ ലഭിക്കൂ. അതിനായി ആദ്യമേതന്നെ ദൈവത്തിനുമുന്നിൽ പ്രണാമം ചെയ്തുകൊണ്ട് അവിടുത്തെ ദൗത്യവാഹകരാണ് തങ്ങൾ എന്ന ബോധ്യത്തോടെ ദൈവത്തെ ശ്രവിക്കുവാനും കാലഘട്ടത്തിനനുസൃതമായി ഈ മഹനീയ ദൗത്യം നിർവഹിക്കുവാനും മാതാപിതാക്കൾ പ്രതിജ്ഞാബദ്ധരാകണം.

## ദൈവദാസൻ വില്യം ജക്വീൻതാ പിതാവിനോടുള്ള മദ്ധ്യസ്ഥ പ്രാർത്ഥന

സ്നേഹം തന്നെയായ ദൈവമേ/സകല നന്മകളുടേയും ദാതാവായ പിതാവേ/രക്ഷകനായ മിശിഹായേ/വിശുദ്ധിയുടെ അരൂപിയേ/മനുഷ്യകുലത്തോടുള്ള അവിടുത്തെ അനന്തമായ സ്നേഹത്താൽ/വിശുദ്ധിയിലേക്കുള്ള ക്ഷണം അങ്ങ് നിരന്തരം ആവർത്തിച്ചുകൊണ്ടിരിക്കുന്നുവല്ലോ./അവിടുത്തെ ദാനങ്ങൾ/ദൈവദാസനായ വില്യം ജക്വീന്താ പിതാവിൽ വിളങ്ങി പ്രശോഭിക്കുവാൻ ഇടയാക്കിയതിനെ ഓർത്ത്/ ഞങ്ങൾ അങ്ങേയ്ക്കു നന്ദി പറയുന്നു./അദ്ദേഹം അവിടുത്തെ പുത്രന്റെ അളവറ്റ സ്നേഹം ധ്യാനിക്കുകയും/വിശുദ്ധിയിലേക്കുള്ള സാർവ്വത്രിക വിളിയുടെ അക്ഷീണ പ്രേഷിതനാവുകയും ചെയ്തുവല്ലോ./അങ്ങ് തിരുമനസ്സാകുന്നുവെങ്കിൽ/അദ്ദേഹത്തിൽ അവിടുത്തെ മഹത്ത്വം വെളിപ്പെടുത്തണമെന്നും അദ്ദേഹത്തിന്റെ മാദ്ധ്യസ്ഥ്യം വഴിയായി ഞങ്ങൾ അപേക്ഷിക്കുന്ന ഈ കൃപ/....................ഞങ്ങൾക്കു നൽകണമെന്നും അങ്ങയോടു ഞങ്ങൾ അപേക്ഷിക്കുന്നു. ആമ്മേൻ.

**പ്രാർത്ഥന ആവശ്യപ്പെടാനും ലഭിച്ച അനുഗ്രഹങ്ങൾ സാക്ഷ്യപ്പെടുത്താനും അന്വേഷണങ്ങൾക്കും**

**Apostolic Oblates**
Spirituality Centre,
Manganam P.O.,
Kottayam - 686 018
Ph: 9497588192



# വിശ്വസ്ത സ്നേഹിതൻ

**സ്റ്റെഫി മംഗലത്തുകുന്നേൽ**
**അപ്പസ്തോലിക് ഒബ്ലേറ്റ്സ്**

**സ്നേ**ഹിക്കുക എളുപ്പമാണെന്നു തോന്നുന്നു; ഒരുപടികൂടി കടന്ന് മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുന്നതിനേക്കാൾ.... അതായത്, സ്നേഹയോഗ്യരായിത്തീരുക എന്നതാണ് കൂടുതൽ പ്രയാസകരം. തെറ്റു ചെയ്തവരോടു നിരുപാധികം ക്ഷമിക്കാനും വല്ലാതെ നോവിച്ചവരോട് എല്ലാം മറന്നു രമ്യതയിലാകാനും വിശാലമനസ്സുള്ളവർക്കേ സാധിക്കൂ. എന്നാൽ ഇതൊക്കെ കടന്ന് മറ്റുള്ളവരുടെ സ്നേഹത്തിനു വിഷയമാകണമെങ്കിൽ വലിയ എളിമയും നിഷ്കളങ്കമായ ജീവിതശൈലിയും ഇല്ലാതിരിക്കാനാവില്ല. മറ്റുള്ളവർക്കു വിശ്വാസയോഗ്യരായിരിക്കുക; അവരുടെ പ്രത്യാശയുടെ കാരണമാവുക-എത്ര ധന്യമായ ജീവിതമാണത്!

സുവിശേഷത്തിൽ സവിശേഷരായ മൂന്നു സ്നേഹിതരെ ഈശോ വരച്ചുകാണിക്കുന്നുണ്ട്: യാത്രാമധ്യേ പാതിരാവിൽ തന്റെ ഭവനത്തിൽ അഭയം തേടിയ സ്നേഹിതന്റെ വയറുനിറയ്ക്കാൻ അടുത്ത സ്നേഹിതന്റെ വാതിൽക്കൽ മുട്ടുന്ന ഒരു സ്നേഹിതൻ. ആവശ്യങ്ങളിൽ കൂടെയുണ്ടാവും എന്ന പ്രത്യാശയും താൻ സ്നേഹിക്കപ്പെടുന്നു എന്ന വിശ്വാസവും ആയിരിക്കാം ഇരുവരെയും പാതിരാവിൽ ശങ്കകൂടാതെ സ്നേഹിതന്റെ ഭവനത്തിലേക്കെത്താൻ പ്രേരിപ്പിച്ച ഘടകം.

വ്യത്യസ്തമായൊരു ധ്യാനത്തിന്റെ രണ്ടാം ദിനം ആരംഭിച്ചത് ഏറെ വ്യത്യസ്തമായൊരു അനുഭവത്തിലൂടെയായിരുന്നു. ധ്യാനകേന്ദ്രത്തിന്റെ ടെറസിൽ കണ്ണടച്ചു പിറകോട്ടു നടക്കുക.

കൂടപ്പിറപ്പിനെ അസ്വസ്ഥപ്പെടുത്തിയിരുന്ന ചുമ ആ പുലരിയിൽ എനിക്ക് ആശ്വാസമായി; സ്നേഹിതരൊക്കെ വിളിപ്പുറത്തുണ്ട് എന്ന ഉറപ്പ്. രണ്ടാംവട്ടം അപരിചിതയായ ഒരു വ്യക്തി കൈപിടിച്ചു നടത്താനുണ്ടായിരുന്നു; ആദ്യത്തെ അനുഭവത്തിൽനിന്നു വലിയ വ്യത്യാസമൊന്നും തോന്നിയില്ല; കൈയിലാരോ പിടിച്ചിട്ടുണ്ട് എന്ന തോന്നൽ മാത്രം. മൂന്നാം വട്ടം കൈപിടിച്ചു നടത്തിയത് സ്വന്തം സഹോദരിയായിരുന്നു. ആ ധ്യാനത്തിൽ പങ്കെടുത്ത സർവ്വ ആളുകളും കണ്ണടച്ചു നടന്നിരുന്ന, തടസ്സങ്ങൾ ഏറെയുള്ള അപരിചിതമായ ആ ഇടുങ്ങിയ ടെറസിൽ എന്റെ വീടിനകത്തു നടക്കുന്ന പ്രതീതിയോടെ ഞാൻ കണ്ണടച്ചു പുറകോട്ടു നടന്നതിനു കാരണം കരം പിടിച്ചത് എന്റെ സഹോദരിയാണെന്നതു മാത്രമായിരുന്നു.

"വിശ്വസ്തയായ സ്നേഹിതൻ ബലിഷ്ഠമായ സങ്കേതമാണ്. അവനെ കണ്ടെത്തിയവൻ ഒരു നിധി നേടിയിരിക്കുന്നു. വിശ്വസ്തസ്നേഹിതനെപ്പോലെ അമൂല്യമായി ഒന്നുമില്ല; അവന്റെ മാഹാത്മ്യം അളവറ്റതാണ്. വിശ്വസ്തനായ സ്നേഹിതൻ ജീവാമൃതമാണ്; കർത്താവിനെ ഭയപ്പെടുന്നവൻ അവനെ കണ്ടെത്തും" (പ്രഭാ 6,14-16). മറ്റുള്ളവർക്കു വിശ്വസിക്കാൻ കൊള്ളാവുന്നവരാവുക എന്നൊരു മറുപുറവും ഇതിനുണ്ട്. ഏതു വിപത്തിലും കൂടെയുണ്ടാകും എന്ന ഉറപ്പ് കുടുംബത്തിനും കൂട്ടുകാർക്കും കൊടുക്കാനായാൽ ജീവിതം കുറെക്കൂടി സുന്ദരമാവില്ലേ?

നല്ല സ്നേഹിതനാകേണ്ടതെങ്ങനെയെന്നു ചോദിച്ചാൽ "ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ" എന്നു കർത്താവു മറുപടി പറയും. കൂടെക്കൂട്ടിയവരെ അവരുടെ സങ്കടങ്ങൾ കേട്ടും ആശ്വസിപ്പിച്ചും മാത്രമല്ല അവൻ നെഞ്ചോടുചേർത്തത്. അവരുടെ തെറ്റുകൾ തിരുത്തി, കുറവുകൾ ചൂണ്ടിക്കാട്ടി ദൈവപിതാവിനു സ്വീകാര്യരാക്കുകയായിരുന്നു അവന്റെ ലക്ഷ്യം. ഒരിക്കൽ അവൻ അവരോടു തുറന്നു പറഞ്ഞു: "ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം ഞാൻ നിങ്ങളെ അറിയിച്ചു" (യോഹ 16,15).

ഹൃദയരഹസ്യങ്ങൾ കൈമാറാൻ തക്കവിധം സ്നേഹിച്ചിട്ടും തന്നെ തള്ളിപ്പറഞ്ഞവരും ഉപേക്ഷിച്ച് ഓടിയവരും വയറുനിറയ്ക്കാനുള്ള വകയില്ലാതെ വലയുന്നതു കണ്ടപ്പോൾ അവനോടിയെത്തി അവർക്കു പ്രാതലൊരുക്കി (യോഹ 21,9).... ആത്മാർത്ഥ സ്നേഹിതന്റെ യഥാർത്ഥ ചിത്രത്തിന് ഇതിൽപരം മാതൃക എവിടെക്കിട്ടാൻ?

'എനിക്കാരുമില്ല, എന്നെയാർക്കും വേണ്ട' എന്നൊക്കെ പരിതപിക്കുന്നതിനുമുമ്പേ മറ്റുള്ളവരാൽ സ്നേഹിക്കപ്പെടുവാൻ യോഗ്യരായി ഉള്ളിലെന്തുണ്ട് എന്നു പരിശോധിക്കണം.

സ്വർഗത്തിന്റെ മഹിമ വെടിഞ്ഞ് ദൈവം കാലിക്കൂട്ടിൽ പിറന്നത് 'ഞാൻ നിന്റെ കൂടെ' (എമ്മാനുവേൽ) ഉണ്ടെന്ന് ഉറപ്പുതരാനായിരുന്നില്ലേ? ഒരിക്കലും വിട്ടുപിരിയാത്ത ഈ സ്നേഹിതന്റെ സാന്നിധ്യം അനുഭവിക്കാനായാൽ, മറ്റുള്ളവർക്ക് അവന്റെ സാന്നിധ്യമാകാനായാൽ, ഈ ചെറിയ ജീവിതവും അനേകർക്ക് മംഗളവാർത്തയാകും; ദൈവസാന്നിധ്യത്തിന്റെ പ്രത്യാശയാകും.

*"ഇനി ഞാൻ നിങ്ങളെ ദാസന്മാർ എന്നു വിളിക്കുകയില്ല, കാരണം, യജമാനൻ ചെയ്യുന്നതെന്തെന്ന് ദാസൻ അറിയുന്നില്ല. എന്നാൽ, ഞാൻ നിങ്ങളെ സ്നേഹിതന്മാരെന്നു വിളിച്ചു. എന്തെന്നാൽ, എന്റെ പിതാവിൽനിന്നു കേട്ടതെല്ലാം നിങ്ങളെ ഞാൻ അറിയിച്ചു".*

(യോഹ 15,15)




**അ**ത്യാവശ്യം നന്നായി കുട്ടികളെ കൈകാര്യം ചെയ്യുകയും ക്ലാസ് എടുക്കുകയുമൊക്കെ ചെയ്യുന്ന വർഗീസ്സാറിനും ടീമിനും ഗ്രാമത്തിലെ പരമ്പരാഗതമായ ഒരു സ്കൂളിൽ മൂന്നു ദിവസത്തെ പഠനക്യാമ്പ് നടത്തുവാൻ അവസരം കിട്ടി. ആയിരത്തിൽപരം കുട്ടികളുള്ള ആ സ്കൂളിനെപ്പറ്റിയും അതിന്റെ സാധ്യതകളെപ്പറ്റിയും ഒരുപാടു സ്വപ്നങ്ങൾ നെയ്ത് നിശ്ച യിക്കപ്പെട്ട ദിവസം ടീമംഗങ്ങൾ നേരത്തെതന്നെ സ്ഥലത്ത് ലാൻഡ് ചെയ്തു. കാര്യങ്ങളുടെ നടത്തിപ്പിന് അത്യാവശ്യമായ പ്രൊജക്ടറുകളും മറ്റും റെഡിയാക്കാം എന്ന് സംഘാടകർ ഏറ്റി രുന്നതിനാൽ ക്ലാസുകൾ എല്ലാം പെൻഡ്രൈവിലാക്കി സാറിന്റെ ടീം, യുദ്ധത്തിന് ഒരുങ്ങി നിൽക്കുന്ന പട്ടാളക്കാരെപോലെ ഹെഡ്മാസ്റ്ററിന്റെ വരവും കാത്തുനിന്നു.

ഹെഡ്മാസ്റ്റർ എത്തി. "കുട്ടികളെ 250 ന്റെ നാലു ബാച്ചുകളായി തിരിച്ച് ഒരേസമയം നാലു ക്ലാസുകൾ എടുക്കണം. പക്ഷേ, പരിമിതമായ സൗകര്യങ്ങളേ ഉള്ളൂ". ഹെഡ്മാസ്റ്റർ പറഞ്ഞു നിർത്തിയതും തച്ചോളി ഒതേനനെപോലെ തലയെടുപ്പോടെനിന്ന വർഗീസ്സാർ ആകെ വിളറി വെളുത്തു. കണ്ണിൽ ഇരുട്ട് പടരുന്നതുപോലെ.... കാര്യം മറ്റൊന്നുമല്ല... ക്ലാസുകൾ എല്ലാം പെൻഡ്രൈവിൽ സേവ് ചെയ്യിപ്പിച്ചെങ്കിലും സാറിന് പെൻഡ്രൈവ് കമ്പ്യൂട്ടറിൽ എങ്ങനെ ക ണക്റ്റുചെയ്യണം എന്നുപോലും അറിയില്ല. പലതവണ പഠിക്കാൻ അവസരം കിട്ടിയെങ്കിലും

അതിൽ അത്ര ശ്രദ്ധ കൊടുത്തില്ല എന്നുവേണം പറയാൻ. ഇനി എന്ത് ചെയ്യും! ഒറ്റ ശ്വാസത്തിൽ വർഗീസ്സാർ ദൈവത്തെയും സകല വിശുദ്ധരെയും വിളിച്ചു. “ദൈവമേ, നീ എന്നെ നാണം കെടുത്തരുത്... പ്ലീസ്...” ചങ്കുപൊട്ടിയുള്ള സാറിന്റെ നിലവിളി ദൈവത്തിന് കേൾക്കാതിരിക്കാൻ ആവുമോ..? സ്വർഗം ഇടപെട്ടു. ക്ലാസ് തീരുവോളം എത്ര ശ്രമിച്ചിട്ടും ആ ഹോളിലെ പ്രൊജക്ടർ അനങ്ങിയില്ല!!! പ്രൊജക്ടർ പോലുമില്ലാതെ സാർ കാര്യം ഈസിയായി ഹാൻഡിൽ ചെയ്തു. പരിമിതമായ ഈ സാഹചര്യത്തെ ധീരമായി കൈകാര്യം ചെയ്ത സാറിന് എല്ലാവരുടെയും കയ്യടിയും കിട്ടി. സത്യം ദൈവത്തിനല്ലേ അറിയൂ..!

പലപ്പോഴും ഞാനും നിങ്ങളും ദൈവതിരുമുമ്പിൽ  ഉയർത്തിയിട്ടുള്ളഒരു ചോദ്യമാണിത്. ദൈവം ഇടപെടുമോ...? എന്റെ വേദനകളിൽ... എന്റെ നിശബ്ദതകളിൽ... എന്റെ അടക്കിപ്പിടിച്ച തേങ്ങലുകളിൽ... എന്റെ മരുഭൂമിയനുഭവങ്ങളിൽ... എന്റെ തകർച്ചകളിൽ...? അടുത്ത നിമിഷം മറുപടിയും നമ്മുടെ ഉള്ളിൽ നിന്നുതന്നെ തികട്ടി വരും, അനുഭവങ്ങളുടെ ആന്തോളനം എന്നോണം... “തീർച്ചയായും അവൻ ഇടപെട്ടിട്ടുണ്ട്. ഇനിയും ഇടപെടുകയും ചെയ്യും”. ഇല്ലെങ്കിൽ അവനെ എങ്ങനെയാണ് രക്ഷകനെന്നും സ്നേഹിതനെന്നും ഇടയനെന്നുമൊക്കെ വിളിക്കാൻ ആവുക...?

അപ്പനപ്പൂപ്പന്മാർ പറഞ്ഞുതന്നിട്ടുള്ളതും ഇപ്രകാരം താങ്ങി നടത്തുന്ന, തോളിലേറ്റുന്ന, ഒരു ദൈവത്തെപ്പറ്റിയാണല്ലോ. പഴയനിയമത്തിന്റെ താളുകൾ മറിക്കുമ്പോൾ, തന്റെ വാക്കുകളെ ധിക്കരിച്ച് ചതക്കുഴിയിൽപെട്ടു നിൽക്കുന്ന ആദ്യമാതാപിതാക്കളെ തേടിയും അവൻ വന്നു, പേരു വിളിക്കപ്പെടാൻപോലും അർഹതയില്ലാതെ, ദുഷ്ടപിശാചിന്റെ കെണിയിൽപെട്ടു നിന്ന അവരെ അവൻ സ്നേഹപൂർവ്വം വിളിച്ചു, “ആദം നീ എവിടെയാ...?” ചെറിയൊരു ശിക്ഷണം നൽകുന്നുണ്ടെങ്കിലും ദൈവം അവരെ കൈവിട്ടു കളയുന്നില്ല. കാരണം അവനാവില്ല സ്വന്തം സൃഷ്ടിയെ കൈവിട്ടു കളയാൻ....

കരമുയർത്തിയവർക്കൊക്കെവേണ്ടി അവൻ കരം നീട്ടിയിട്ടുണ്ട്. മനം നുറുങ്ങിയവരെയൊക്കെ ചേർത്തു പിടിച്ചിട്ടുണ്ടവൻ.  വിശ്വാസത്തോടെ നോക്കിയവർക്കായി വിണ്ണിന്റെ വാതിൽ തുറന്നിട്ടുണ്ടവൻ. അതുകൊണ്ടുതന്നെയാവണം സങ്കീർത്തകൻ 121-ാം സങ്കീർത്തനത്തിൽ ചങ്കുറപ്പോടെ ഇപ്രകാരം പറയുന്നതും: “പർവതങ്ങളിലേക്ക് ഞാൻ കണ്ണുകൾ ഉയർത്തുന്നു: എനിക്ക് സഹായം എവിടെ നിന്ന് വരും? എനിക്കു സഹായം കർത്താവിൽ നിന്നു വരുന്നു: ആകാശവും ഭൂമിയും സൃഷ്ടിച്ച കർത്താവിൽ നിന്ന്”.

ബേത്സഥായിലെ തളർവാതരോഗിയും വ്യഭിചാരക്കുറ്റം ചുമത്തി കല്ലെറിയപ്പെട്ട പാപിനിയും അവന്റെ ഒറ്റനോട്ടത്തിൽ മനം നുറുങ്ങിയ പത്രോസും ഉള്ളുതുറന്ന് ഉടയവന്റെ ഉള്ളിൽ കയറിയ നല്ല കള്ളനുമൊക്കെ തൊട്ടറിഞ്ഞത് മിശിഹായുടെ ‘ഓൺ ടൈം’ ഇടപെടലായിരുന്നല്ലോ.

നമ്മുടെ ജീവിതത്തിൽ അവൻ ഇടപെടണോ? അവനിലേക്ക് ആശ്രയത്തിന്റെ, വിശ്വാസത്തിന്റെ, കണ്ണുകൾ ഉയർത്തുകയേ വേണ്ടൂ. ചങ്കിന്റെ നീറ്റലുകൾ പ്രാർത്ഥനകളായി അവന്റെ മുൻപിൽ നേദിക്കാൻ നീ തയ്യാറാവുകയേ വേണ്ടൂ. അതിനെല്ലാമുപരി അവനോടൊപ്പം സദാ ഓൺലൈനിൽ ആകുവാൻ നാമും നമ്മുടെ കുടുംബവും എപ്പോൾ ശ്രമിക്കുന്നുവോ അപ്പോൾ അവൻ നമ്മുടെ ജീവിതത്തിലും ‘ഓൺ ടൈമിൽ’ ഇടപെടും..!

# അമ്മയ്ക്കൊപ്പം അനുഗ്രഹവഴിയെ



മേരിക്കുട്ടി കുരിശുംമൂട്ടിൽ
അപ്പസ്തോലിക് ഒബ്ലേറ്റ്സ്

**ഒന്നാം ദിവ്യരഹസ്യം**: മാലാഖയുടെ അഭിവാദനത്തിന് 'ഇതാ, ഞാൻ കർത്താവിന്റെ ദാസി' എന്നു പ്രത്യുത്തരിച്ച പരിശുദ്ധ അമ്മേ, അനുദിനം ഞങ്ങളോടു സംസാരിക്കുന്ന ദൈവസ്വരത്തെ തിരിച്ചറിയുന്നതിനും പ്രത്യുത്തരിക്കുന്നതിനുമുള്ള കൃപ ലഭിക്കാൻ അങ്ങയുടെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**രണ്ടാം ദിവ്യരഹസ്യം**: നന്മയാൽ പൂരിതയായ പരിശുദ്ധ അമ്മേ, നിന്നിലെ നന്മ പകരാൻ നീ എലിസബത്തിനെ സന്ദർശിച്ചതുപോലെ, എല്ലാവർക്കും നന്മയുടെ ഒരു സാന്നിദ്ധ്യമാകാൻ ഞങ്ങളിലും നന്മ നിറഞ്ഞ ഹൃദയം ഉരുവാകേണ്ടതിന് അങ്ങയുടെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**മൂന്നാം ദിവ്യരഹസ്യം**: രക്ഷകനെ ഈ ലോകത്തിനു പ്രദാനം ചെയ്യാൻ ജീവിതം സമർപ്പിച്ച പരിശുദ്ധ അമ്മേ, എല്ലാവരെയും രക്ഷകനിലേക്കു നയിക്കുന്ന ഒരു ജീവിതം നയിക്കുവാൻ ഞങ്ങൾക്കിടയാകുന്നതിനായി അങ്ങയുടെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**നാലാം ദിവ്യരഹസ്യം**: 'അവൻ നിങ്ങളോടു പറയുന്നതു ചെയ്യുവിൻ' എന്നു പറഞ്ഞ് ദൈവസ്വരം കേൾക്കുവാൻ എല്ലാവരെയും പ്രചോദിപ്പിക്കുന്ന പരിശുദ്ധ അമ്മേ, വചനം ശ്രവിക്കുവാനും അതനുസരിച്ച് ജീവിക്കുവാനുമുള്ള കൃപയ്ക്കായി അങ്ങയുടെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

**അഞ്ചാം ദിവ്യരഹസ്യം**: എല്ലാ ജീവിതാനുഭവങ്ങളെയും നിശബ്ദമായി ഹൃദയത്തിൽ സംഗ്രഹിച്ച് ദൈവാനുഭവങ്ങളാക്കിയ പരിശുദ്ധ അമ്മേ, അനുദിന ജീവിതാനുഭവങ്ങളിൽ ദൈവസാന്നിദ്ധ്യം ദർശിക്കുവാനും അവയെല്ലാം ശാന്തമായി സ്വീകരിക്കുവാനുമുള്ള കൃപയ്ക്കായി അങ്ങയുടെ തിരുക്കുമാരനോടു പ്രാർത്ഥിക്കണമേ.

*1 സ്വർഗ, 10 നന്മ, 1 ത്രിത്വ.*

''ബലഹീനനായ എന്നിൽ നിന്ന് നിനക്കു സ്തുതി. പാപിയായ എന്നിൽനിന്ന് നിനക്ക് നിസ്സാരസ്തുതി. നീതിമാൻ നൽകുന്നു സ്തുതിപ്പ്: വൃക്ഷംപോലെ അതിന്റെ ഫലവും സ്തുത്യർഹമാണ്. സ്വർഗീയർ അർപ്പിക്കുന്ന സ്തുതിപ്പ് സംശുദ്ധവും സ്നേഹനിർഭരവുമാണ്. അലസൻ അർപ്പിക്കുന്ന സ്തുതി താഴ്ന്നതും ദരിദ്രവുമാണ്. കടങ്ങൾ പൊറുക്കുന്ന നിനക്ക് സ്തുതി. പാപികളിൽനിന്ന് നിന്റെ സ്തുതി വർദ്ധിക്കുന്നു. നിന്റെ കൃപയോടുകൂടി എന്റെ അർപ്പണം അളക്കണമേ. നീതിയനുസരിച്ച്, എന്റെ കർത്താവേ, കൃത്യമായി അളന്നു നോക്കരുതേ. എന്റെ സ്തുതിപ്പ് നിസ്സാരമാണെങ്കിലും നിന്നിലൂടെ അത് വലുതായിരിക്കും. എന്റെ അനുതാപം വില കെട്ടതാണെങ്കിലും നിനക്കത് വിലയുള്ളതായിരിക്കട്ടെ. ഞങ്ങളുടെ കയ്പ്പ്... അത് അടിയിൽ വയ്ക്കുക... നിന്റെ മാധുര്യം വിജയിക്കുകയും ഭരിക്കുകയും ചെയ്യട്ടെ''.

മാർ അപ്രേം, സഭാഗീതങ്ങൾ 26:11–12

rawpixel

PRATHEEKSHAYUDE POOMOTTUKAL (Malayalam Monthly Registered: KL/KTM/72/2021-23
RNI: KERMAL/2014/59983
Licence No:KL/CR/KTM/WPP-14/2021-23
Published on 24th November 2023
Licensed to post without prepayment

# പ്രതീക്ഷയുടെ പൂമൊട്ടുകൾ

ജനതകൾക്കു പ്രകാശവും സകലർക്കും രക്ഷയുമായി
ഏകജാതനെ നല്കാൻ തക്കവണ്ണം ലോകത്തെ
സ്നേഹിച്ച ദൈവമേ, മിശിഹാവഴി ഞങ്ങൾക്കു
ലഭിച്ചിരിക്കുന്ന കൃപയെപ്രതി ഞങ്ങൾ അങ്ങേക്കു
നന്ദിപറയുന്നു. മിശിഹാുടെ വചനംകേട്ട് നിത്യായുസ്സിൽ
എത്തിച്ചേരാൻ ഞങ്ങളെ അനു
ഗ്രഹിക്കണമേ. വഴിയും സത്യവും ജീവനുമായ
രക്ഷകനിൽ കേന്ദ്രീകൃതമായ ജീവിതം നയിക്കാൻ
ഞങ്ങൾക്ക് ഇടയാകട്ടെ. പിതാവും പുത്രനും
പരിശുദ്ധാത്മാവുമായ സർവേശ്വരാ എന്നേക്കും,
ആമ്മേൻ.

(മംഗളവാർത്തക്കാലം, മൂന്നാം ഞായർ–റംശാ)

Printed, Published & Owned by Shiny Andrews Muthuplackal, Spirituality Centre, Manganam P.O., Kottayam - 686 018; Printed at WiGi Printers, Manganam P.O., Kottayam - 686 018, Ph:0481-2570862, Email: wigipress@gmail.com; Published at Spirituality Centre, Manganam P.O., Kottayam - 686 018, Mob: 9497588192, Email: psmktm@gmail.com
Editor: Fr. Mathew Vellanickal